
2022
സെപ്റ്റംബർ
വാല്യം 15 | ലക്കം 9
Annual Subscription ₹ 100.00

# വിജയപുരം ദൂത്

VIJAYAPURAM DIOCESAN BULLETIN



# പീറ്റർ തുരുത്തിക്കോണം പിതാവിന്റെ
# 11 – ാം ചരമവാർഷികം



**ദിവ്യബലി** സെപ്റ്റംബർ 5 രാവിലെ 6.30-ന്
വിമലഗിരി കത്തീഡ്രലിൽ



കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ
ചരമദിനത്തിൽ അനുസ്മരണാശുശ്രൂഷ

# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

2022 SEPTEMBER Registered Newspaper, Reg.No. KERMAL/2008/24745 Vol.15 • No.9


## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ:

7. APPOINTMENTS AND TRANSFERS

8 കുരിശിന്റെ മാഹാത്മ്യം

12 അധ്യാപകദിനം

15 കടലുപോലൊരമ്മയാണ് പരി. മറിയം

17. മിണ്ടാതെ മിണ്ടുന്നവർ

21. പാട്ടുവഴിയിലെ മുട്ടേത്താഴത്തച്ചൻ

23 സംഘടനാവാർത്തകൾ

29. വി.എസ്.എസ്,എസ്. വാർത്തകൾ

34. അഭിവന്ദ്യപിതാവിന്റെ
സെപ്റ്റംബർ മാസ പരിപാടികൾ



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649





Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com



## Editorial

# മേരിമസ്: മറിയത്തിന്റെ ജന്മദിനാഘോഷം

ക്രിസ്തുവിന്റെ ജന്മദിനാഘോഷത്തിന് ക്രിസ്മസ് എന്ന് പറയുംപോലെ മറിയത്തിന്റെ ജന്മദിനാഘോഷത്തിന് 'മേരിമസ്' എന്നു പറയുന്നു. സെപ്റ്റംബർ 8–ാം തീയതി നാം നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ കന്യാമറിയത്തിന്റെ ജന്മദിനം കൊണ്ടാടുകയാണ്. കഴിഞ്ഞ ഡിസംബർ 8–ാം തീയതി നാം മറിയത്തിന്റെ അമലോത്ഭവ തിരുനാൾ (അന്നാമ്മ മറിയത്തെ ഗർഭം ധരിച്ചതിന്റെ തിരുനാൾ) കൊണ്ടാടി. അതിന്റെ കൃത്യം ഒൻപതാം മാസം നാം മറിയത്തിന്റെ ജന്മദിനം കൊണ്ടാടുന്നു. എഫേസൂസ് കൗൺസിൽ മറിയത്തെ ദൈവമാതാവായി (Theotokos) വിളംബരം ചെയ്തശേഷം മരിയഭക്തി സഭയിൽ വളരെ പ്രചരിച്ചു. ആ കാലഘട്ടത്തിലാണ് ഏകദേശം ക്രിസ്തുവർഷം ആറാം നൂറ്റാണ്ടിൽ മറിയത്തിന്റെ ജന്മദിനം സവിശേഷമായി കൊണ്ടാടാൻ തുടങ്ങിയത്. എന്നാൽ സഭയുടെ തുടക്കം മുതലേ ഈ ആഘോഷത്തിന്റെ ലക്ഷണങ്ങൾ കാണാനാവും. ഉദാഹരണമായി ക്രിസ്തുവർഷം 150–ൽ രചിക്കപ്പെട്ട യാക്കോബിന്റെ പ്രഥമസുവിശേഷം (Proto-Evangelium) എന്ന അപ്പോക്രിഫൽ (ബൈബിളിന്റെ കാനോനിക പട്ടികയിൽ ഉൾപ്പെടുത്താത്ത) ഗ്രന്ഥത്തിൽ യോവാക്കിന്റെയും അന്നാമ്മയുടെയും മകളായി മറിയം ജനിച്ചതിനെപ്പറ്റി പറയുന്നുണ്ട്. അബ്രാഹത്തിനും സാറായ്ക്കും വാർദ്ധക്യത്തിൽ വാഗ്ദാനപുത്രനായി ഇസഹാക്ക് ജനിച്ചതുപോലെയാണ് സന്താനഭാഗ്യമില്ലായെന്നോർത്ത് വിലപിച്ചിരുന്ന യോവാക്കിനും അന്നാക്കും മറിയം മകളായി പിറന്നത്.

സെപ്റ്റംബർ 8–ാം തീയതി നാം നമ്മുടെ സ്വർഗ്ഗീയ അമ്മയായ കന്യാമറിയത്തിന്റെ ജന്മദിനം സാഘോഷം കൊണ്ടാടുകയാണ്. വേളാങ്കണ്ണിയിലും, പട്ടുമലയിലും, മണർകാട്ടുമൊക്കെ വലിയ ആഘോഷമാണ് നടത്തപ്പെടുക. എന്നാൽ സഭയിലാകമാനം തന്നെ എല്ലാ ദൈവാലയങ്ങളിലും ഈ തിരുനാൾ കൊണ്ടാടപ്പെടുന്നുണ്ട്. വെറും മൂന്നാഴ്ച മുമ്പ് ആഗസ്റ്റ് 15–ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ (മരണതിരുനാൾ അഥവാ ഉറക്കതിരുനാൾ) മഹോത്സവമായി കൊണ്ടാടിയതിനാലാവാം ഡിസംബർ എട്ടാം തീയതി അമലോത്ഭവമഹോത്സവത്തിന്റെ പ്രാധാന്യത്തോടെ മാതാവിന്റെ ജന്മദിനം നാം കൊണ്ടാടാത്തത്. സ്വർഗ്ഗാരോപണതിരുനാളും അമലോത്ഭവതിരുനാളും മഹോത്സവങ്ങളാണ്. മാതാവിന്റെ

പിറവിതിരുനാളോ 'തിരുനാളും'. ആരാധനാവത്സരത്തിലെ തിരുനാളാഘോഷങ്ങളിൽ ഒരു പ്രധാന്യക്രമമുണ്ട്. ഏറെ മുകളിലുള്ളത് മഹോത്സവം. അതിനു താഴെ തിരുനാൾ. അതിനു താഴെ സ്മരണ എന്നിങ്ങനെ.

മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുവിന്റെ ജനനം കഴിഞ്ഞാൽ ചരിത്രത്തിലെ ഏറ്റം പ്രധാനപ്പെട്ട ജനനമാണ് മറിയത്തിന്റേത്. സാധാരണയായി വിശുദ്ധരുടെ മരണദിനത്തിലാണ് അവരുടെ തിരുനാൾ കൊണ്ടാടപ്പെടുക. അവരുടെ സ്വർഗ്ഗപ്രവേശത്തിന്റെ, സ്വർഗ്ഗത്തിലേക്കുള്ള ജനനത്തിന്റെ, നാളാണല്ലോ അത്. എന്നാൽ, മൂന്നുപേരുടെ (യേശുവിന്റെയും മറിയത്തിന്റെയും സ്നാപകയോഹന്നാന്റെയും ജന്മദിനവും ആരാധനാവത്സരത്തിൽ ആഘോഷിക്കാറുണ്ട്. പാപരഹിതരായി അവർ ജനിച്ചതിനാലാണത്. യേശു ദൈവമായതിനാൽ നിത്യതയിലേ പാപരഹിതനാണ്. മറിയം ഉത്ഭവത്തിലെ പാപരഹിതയാണ്. സ്നാപകയോഹന്നാനോ, തന്റെ അമ്മയുടെ ഉദരത്തിലായിരുന്നപ്പോഴേ മറിയത്തിന്റെ ഉദരത്തിലായിരുന്ന യേശുവിനെ കണ്ടുമുട്ടിയതുമൂലം പാപരഹിതനായവനാണ്.

ദൈവത്തിന്റെ പ്രത്യേക പ്രവർത്തനമാണ് നാം മറിയത്തിന്റെ ജനനത്തിൽ കാണുന്നത്. വയോധികനായിരുന്ന യോവാക്കീമിന് (കർത്താവ് ഉയർത്തട്ടെ, ഉദ്ധരിക്കട്ടെ എന്നാണ് ആ പേരിന് അർത്ഥം.) വന്ധ്യയായിരുന്ന അന്നായിൽ നിന്ന് (കൃപ എന്നാണ് ആ പേരിനർത്ഥം) ദീർഘനാളത്തെ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും കാത്തിരിപ്പിന്റെയും ഫലമായി പ്രിയപ്പെട്ടവൾ ഉന്നത, നാഥ, പ്രത്യാശ എന്നൊക്കെ അർത്ഥമുള്ള മറിയം ജനിച്ചു. മനുഷ്യവർഗ്ഗത്തെ പാപത്തിൽ നിന്നും പാപഫലങ്ങളിൽ നിന്നും വീണ്ടെടുത്ത് വിശുദ്ധിയുടെ മഹത്വമറിയിക്കാൻ കടന്നുവന്ന ദൈവപുത്രന് ജന്മമേകാൻ ദൈവത്തിന്റെ പ്രത്യേകപദ്ധതിയും നിയോഗവുമനുസരിച്ച് പാപരഹിതയായി, അമലോത്ഭവയായി മറിയം ജനിച്ചു. മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്തു രക്ഷിക്കാൻ പദ്ധതിയിട്ട് ദൈവം തന്റെ പുത്രന് ലോകത്തിൽ അവതാരമേകാൻ, ഗർഭം ധരിച്ച്, ജനിപ്പിച്ച് വളർത്താൻ പ്രത്യേകം രൂപപ്പെടുത്തിയ വ്യക്തിയാണ് മറിയം. സാധാരാണ മനുഷ്യരുടെ ശരീരം അപ്പനിൽ നിന്നും അമ്മയിൽ നിന്നുമാണ്. എന്നാൽ യേശുവിന്റെ ശരീരം മറിയത്തിൽ നിന്നു മാത്രമാണ്. അത്ര ആഴപ്പെട്ട ബന്ധമാണ് മറിയത്തിന് യേശുവിനോടുള്ളത്. ആദിയിൽ സാത്താന്റെ പ്രലോഭനത്തിന് വഴങ്ങി മനുഷ്യവർഗ്ഗത്തെ പാപത്തിനും ശിക്ഷയ്ക്കും അധീനമാക്കിയ സ്ത്രീക്ക് തിരുത്തലായി പുതിയ സ്ത്രീയെ ദൈവം വാഗ്ദാനം ചെയ്തു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരികേല്പിക്കും. (ഉൽ. 3:15)". ദൈവം അന്നു വാഗ്ദാനം ചെയ്ത സ്ത്രീയാണ് തന്റെ കുരിശുമരണത്തിലൂടെ സർപ്പത്തിന്റെ തല തകർത്ത യേശുവിന്റെ

അമ്മയായ പരിശുദ്ധ കന്യാമറിയം. അതിനാലാണ് യേശു തന്റെ പരസ്യ ജീവിതത്തിന്റെ തുടക്കത്തിലും (കാനായിലെ കല്യാണ വിരുന്നിൽ)അന്ത്യ ത്തിലും (കുരിശിൻ ചുവട്ടിൽ) മറിയത്തെ "സ്ത്രീയേ" എന്ന് അഭിസം ബോധന ചെയ്തത് (യോഹ. 2:4, 19:26) ആ സ്ത്രീയെത്തന്നെയാണ് വെളിപാടു പുസ്തകം 12-ാം അദ്ധ്യായത്തിൽ സർപ്പത്തിന്റെ കെണിയിൽ അകപ്പെടാതെ സ്വർഗ്ഗം പൂകുന്ന ശിശുവിന് ജന്മം കൊടുക്കുന്നവളായി നാം ദർശിക്കുക.

മറിയത്തിന്റെ പിറന്നാൾ നമുക്ക് വലിയ ആഘോഷമാണ്. പലരും എട്ടു ദിവസത്തെ നോമ്പെടുത്തിട്ടാണ് ആ ആഘോഷത്തിലേക്ക് വരുക. നമ്മുടെ അമ്മമാരുടെയെല്ലാം പിറന്നാളിനെക്കാൾ പ്രധാനമാണ് നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ തിരുനാൾ. നാം എല്ലാം ആ അമ്മയുടെ മക്കളെന്ന രീതിയിൽ സഹോദരീ സഹോദരന്മാരാണ്. ഒരേ കുടുംബത്തിലെ അംഗ ങ്ങൾ എന്ന ബോധമാണ് ആ ആഘോഷത്തിലൂടെ ഉണ്ടാവുക. നമുക്ക് ആനന്ദിക്കാം. ആഹ്ളാദിക്കാം. ആർത്തുല്ലസിക്കാം. ഒപ്പം ആ അമ്മയുടെ ജനനത്തിൽ കാണുന്ന ദൈവത്തിന്റെ കരുതലും പദ്ധതിയും പ്രവർത്ത നവും നമ്മുടെ ജ്ഞാനസ്നാനത്തിലൂടെ നമ്മിലും നടക്കുന്നുണ്ടെന്ന് നമുക്ക് ബോധപ്പെടാം.

യേശുവിന് തന്റെ ശരീരത്തിൽ നിന്ന് ശരീരം കൊടുക്കുകയും അവി ടുത്തെ കടന്നുവരവുമുതൽ കടന്നു പോക്കുവരെ കൂടെയുണ്ടായിരുന്ന് അവിടുത്തേക്ക് വേണ്ടി ജീവിക്കുകയും സ്നേഹിക്കുകയും സഹിക്കു കയും ശുശ്രൂഷിക്കുകയും ചെയ്ത സ്വർഗ്ഗീയ അമ്മയെപ്പോലെ നമുക്കും കൃപനിറഞ്ഞവരായി ദൈവം കൂടെയുള്ളവരായി, അനുഗ്രഹമായി, അനു ഗ്രഹമേകുന്നവരായി ജീവിക്കാൻ ശ്രമിക്കാം.

*പത്രാധിപർ*

## പരേതരെ സ്മരിക്കാം – സെപ്റ്റംബർ

| | | |
|---|---|---|
| 01 | (1993) | ഫാ. ദാനിയേൽ തട്ടാരശ്ശേരി |
| 05 | (2011) | ബിഷപ്പ് പീറ്റർ തുരുത്തിക്കോണം |
| 13 | (1997) | ഫാ. ബെനഡിക്റ്റ് ഒ. സി. ഡി. |
| 16 | (1979) | ഫാ. പോൾ കോയിക്കാരൻപറമ്പിൽ |
| 17 | (1949) | ഫാ. കാർമ്മൽ ഒ. സി. ഡി. |
| 17 | (1984) | ഫാ. ഫാബിയൻ ഒ. സി. ഡി. |
| 17 | (2017) | ഫാ. ജോർജ് പറപ്പള്ളി |
| 20 | (1987) | ഫാ. ലോറൻസ് പുതുമന |
| 22 | (2008) | ഫാ. ജോർജ് പാറയിൽ |

# രൂപതാ കാര്യാലയത്തിൽ നിന്ന്

# APPOINTMENTS AND TRANSFERS

1. Rev. Fr. Ronald Mathew Puthenparambil is transferred from St. Sebastian's Church, Chathanthara and is appointed as the Parish Priest of Sacred Heart Church, Amayannoor. He is also appointed as the Director of Civil Service Acadamy, Kottayam.
2. Rev. Fr. Baiju Thomas Kalapurayil, HGN, is appointed as the Parish Priest of St. Sebastian's Church, Chathanthara.
3. Rev. Fr. Antoney George Pattaparambil is appointed as the Director of KCSL.
4. Rev. Fr. Francis Nedumparambil is appointed as the Spiritual Director of St. Vincent de Paul Society.
5. Rev. Fr. George Manoj Lobo is appointed as the Director of Legion of Mary.
6. Rev. Fr. Johnson Joseph Ottathengunkal is appointed as Director of the commission for Canon Law.
7. Rev. Fr. Mathew Ozhathil, S.T.L, is appointed as the Director of the Cherupushpa Mission League (CML) and the Children's Commission.
8. Rev. Fr. Varghese (Bobby) Christopher is appointed as Director of the commission for Temperance .
9. Rev. Fr. Xavier Mamoottil is appointed as the Director for the commission of Ecumenism and Dialogue.
10. Zonal Presidents of Vijayapuram Social Service Society.
    1. Rev. Fr. Silvester Madhavassery, Kottayam Zone
    2. Rev. Fr. Thomas Pazhavakkattil, Pattithanam Zone
    3. Rev. Fr. Mathew Sojan Kallel, Muvattupuzha Zone
    4. Rev. Fr. Joshy Puthupparambil, Thiruvalla Zone
    5. Rev. Fr. Francis Nedumparambil, Vazhoor Zone
    6. Rev. Fr. Antony Raj Kannissery, Peerumade Zone
    7. Rev. Fr. Varghese (Tijo) Mattuppallil, Munnar Zone
    8. Rev. Fr. Victor Georgett Major, Kanthaloor Zone

*-Chancellor*

# കുരിശിന്റെ മാഹാത്മ്യം

ഫാ. ജിൻസൺ മറ്റുപ്പള്ളിയിൽ

ഒരിക്കൽ ദൈവം ഒരുവനെ സ്വർഗത്തിൽ കൊണ്ടുപോകാമെന്ന് തീരുമാനിച്ചു. അതിനുവേണ്ടി അവന്റെ തോളിൽ ഒരു വലിയ കുരിശുകൊടുത്തുകൊണ്ടു പറഞ്ഞു: “ഈ കുരിശ് നീ ചുമലിലേറ്റികൊണ്ട്പോയാൽ നിനക്ക് എത്രയും വേഗം എളുപ്പത്തിൽ സ്വർഗ്ഗത്തിൽ എത്തിച്ചേരാം.” എളുപ്പത്തിൽ സ്വർഗ്ഗത്തിൽ എത്താനുള്ള മാർഗം കിട്ടിയ ആ വ്യക്തി ആ വലിയ കുരിശു ചുമന്നു നടക്കുവാൻ തീരുമാനിച്ചു. അവന്റെ യാത്രയുടെ ഒരു ഘട്ടത്തിൽ വലിയ കയറ്റം അവനു കയറേണ്ടിവന്നു. കുരിശിന്റെ ഭാരം അവനെ പിന്നിലേക്ക് വലിച്ചപ്പോൾ അവൻ തീരുമാനിച്ചു, കുരിശിന്റെ നീളം അല്പം കുറയ്ക്കാം, ആരും അറിയികയില്ല. അങ്ങനെ നീളം അവൻ കുറയ്ക്കുന്നതുവഴി ഭാരവും കുറഞ്ഞു. നിസാരമായി അവന് ആ കയറ്റം കയറുവാൻ സാധിച്ചു. പിന്നീട് അവനും നേരിടേണ്ടിവന്നത് വഴിയെ കുഴികളും വളവുകളും നിറഞ്ഞ വഴിയാണ്. അവിടെയും യാത്രയുടെ സൗകര്യത്തിനായി അവൻ തന്റെ കുരിശിന്റെ നീളം കുറച്ച് യാത്ര സുഗമമാക്കി. അങ്ങനെ അവൻ മുമ്പോട്ട് യാത്ര ചെയ്തപ്പോൾ ദൂരെ “സ്വർഗം” എന്നെഴുതിയ ബോർഡ് കണ്ടു. അവൻ സന്തോഷവാനായി. ഇത്രയും പെട്ടെന്ന് സ്വർഗ്ഗത്തിൽ എത്താമെന്ന് അവൻ വിചാരിച്ചില്ല. പക്ഷേ അവൻ അതിനടുത്ത് ചെന്നപ്പോളാണ് ഒരു വലിയ ഗർത്തം കടന്നുവേണം സ്വർഗ്ഗത്തിൽ എത്താൻ എന്ന് മനസിലായത്. അതിനു വേണ്ടി അവൻ നോക്കിയപ്പോൾ പാലമൊന്നും കണ്ടില്ല. അവിടെ എഴുതിവച്ചിരിക്കുന്നത് അവൻ കണ്ടു. “കൈയിലുള്ള നിങ്ങളുടെ കുരിശ് പാലമാക്കി ഗർത്തം കടന്നു സ്വർഗത്തിൽ പ്രവേശിക്കുക.” അവൻ തന്റെ കുരിശ് പാലമാക്കുവാനായി ഗർത്തത്തിന് കുറുകെ വച്ചപ്പോൾ മനസിലായി അതിനു വേണ്ടത്ര നീളം ഇല്ലായിരുന്നു. യാത്രയുടെ എളുപ്പത്തിനായി അവൻ മുറിച്ചു മാറ്റിയ കുരിശ് അവന് സ്വർഗരാജ്യപ്രവേശനത്തിന് തടസ്സമായി.

കുരിശിന്റെ മഹത്ത്മ്യത്തെപ്പറ്റി ചിന്തിക്കുന്ന കുരിശിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ നമ്മളും നമ്മുടെ ജീവിതത്തിൽ എളുപ്പത്തിനായി നീളം കുറച്ച ചില കുരിശുകളെ കണ്ടെത്താനും മാനവകുലത്തിനായി എത്രയും വലിയ കുരിശ് എടുക്കുവാനായി സ്വയം വീട്ടുനൽകിയ യേശുക്രിസ്തുവിനെക്കുറിച്ച് ചിന്തിക്കുവാനും നമുക്ക് ശ്രമിക്കാം.

“സ്വന്തം കുരിശെടുത്ത് എന്നെ അനുഗമി



ക്കാത്തവൻ എനിക്കു യോഗ്യനല്ല എന്നു പറഞ്ഞുകൊണ്ട് ഈശോ തന്റെ പരസ്യജീവിതത്തിൽ ആദ്യമായി കുരിശിന്റെ മഹാത്മ്യത്തെക്കുറിച്ച് വചനത്തിലൂടെ സംസാരിക്കുന്നു.

കടിഞ്ഞൂൽ അവകാശിക്ക് പിതാവിന്റെ സ്വത്തിന്റെ ഇരിട്ടി പങ്ക് ലഭിക്കുന്നതുപോലെയും ഏലിയായോട് എലിഷാ ആത്മാവിന്റെ ഇരിട്ടി പങ്ക് ചോദിക്കുന്നതുപോലെയും വിശ്വാസി മിശിഹായുടെ പിളർക്കപ്പെട്ട പാർശ്വത്തോട് ചേർന്ന് ആത്മാവിനുവേണ്ടി ദാഹത്തോടെ പ്രാർത്ഥിക്കേണ്ടത് കുരിശിന്റെ തിരുനാളിലാണ്. ആത്മാവ് നഷ്ടപ്പെടുന്നത് ക്രൂശാരോഹണത്തിലാണ്. അരൂപി സ്വയം ഉയർന്ന് ദൈവാലയ തിരശീല രണ്ടായി കീറുന്നതും ഭദ്രമായി അടയ്ക്കപ്പെട്ട കല്ലറയെ മൂന്നാംനാൾ പിളർക്കുന്നതും ഒരേ ആത്മാവ് തന്നെയാണെന്ന് വി. ഏഫ്രാം രേഖപ്പെടുത്തിയിട്ടുണ്ട്.

ജീവജലത്തിന്റെയും, മഹാകാരുണ്യത്തിന്റെയും കൂദാശയിൽ ആദ്യം സ്നാനപ്പെട്ടതിന്റെ കുരിശ് യാഗത്തിലാണ് സഭയുടെ പിറവി സംഭവിക്കുന്നത്. കുരിശിന്റെ ചുവട്ടിൽ ഒരു പൂർത്തീകരണവും ഏറ്റവാങ്ങലും സമ്മേളിക്കുന്നുണ്ട്. മനുഷ്യാവതാരം മുതൽ ഗാഗുൽത്താവരെയുള്ള മറിയത്തിന്റെ നിരന്തര സാന്നിദ്ധ്യം ബലിയുടെ പൂർത്തിയാക്കപ്പെട്ട രക്ഷയുടെ സഹകാരുണിക സ്ഥാനം അവൾക്കു നൽകുന്നു. യോഹന്നാനെയും മറിയത്തെയും പരസ്പരം നൽകുന്നതു വഴി ക്രിസ്തുവിന്റെ ഐഹിക ജീവിതത്തിലെ അവസാന  ശ്വാസം ഉതിർന്ന് വീഴുകയും അവന്റെ തിരുകുരിശ് വഴി രക്ഷിക്കപ്പെട്ട സഭയുടെ ആദ്യസന്താനം മറിയത്തിന്റെ മടിയിൽ പിറവി കൊള്ളുകയും ചെയ്യുന്നു. വിശ്വാസിയുടെ സുഖദുഃഖ സമ്മിശ്രമായ ജീവിത വഴിത്താരകളിൽ ഗാഗുൽത്തായിലെ നവീന ആലയത്തിൽ നിന്നുള്ള ജീവജലത്തിന്റെ ചാലുകീറിയുള്ള കൈമാറ്റമാണ് പരി. അമ്മയെ വത്സലശിഷ്യന് ഭരമേൽപ്പിച്ചതുവഴി മനുഷ്യ ചരിത്രത്തിൽ സംഭവിച്ചത്.

കുരിശിന്റെ സന്ദേശങ്ങളെ പെരുപ്പിച്ച് ക്രൂശിതനെ സൗകര്യപൂർവ്വം മറന്ന് പോകുന്നതാകാതിരിക്കട്ടെ ഈ കുരിശിന്റെ തിരുനാൾ. നിഷേധത്തിന്റെ ഉഗ്രഭാവങ്ങളിൽ ഞാൻ നിൽക്കുമ്പോഴും കരുതലിന്റെ കണ്ണുകളിൽ നിന്ന് ഒഴികിയിറങ്ങുന്നത് കനിവിന്റെ ശീതളിമയാണെന്ന് ഓർമിക്കാം. ക്രൂശിതനുവേണ്ടി ലോകം മുഴുവൻ പ്രചരിക്കപ്പെടുന്നതും, ശിഷ്ടായുസ്സിൽ സാക്ഷ്യപ്പെടുത്തേണ്ടതുമായ ദൈവമനുഷ്യ സ്നേഹത്തിന്റെ കാച്ചിക്കുറുക്കിയ സുവിശേഷമാണ് ക്രിസ്തു.

**കുരിശ് അനുദിനജീവിതത്തിൽ**

ക്രൈസ്തവ ജീവിതത്തിലെ ഏറ്റവും ചെറിയ പ്രാർത്ഥനകളിൽ ഒന്നും എന്നാൽ അവന്റെ/ അവളുടെ ആത്മാവിന്റെ ഏറ്റവും വലിയ സംരക്ഷണത്തിന്റെ ആയുധവുമാണ് കുരിശടയാളം.

ഏ.ഡി. 230-ൽ സഭാ ചരിത്രകാരാനായ വി. തെർത്തുല്യനാണ് കുരിശടയാളം വരയ്ക്കുന്നതിനെക്കുറിച്ചുള്ള ആധികാരികമായ അറിവ് നമുക്ക് നൽകുന്നത്. ആദ്യമായി സഭ ഔദ്യോഗികമായി ഒരു മനുഷ്യനിൽ കുരിശടയാളം വരയ്ക്കുന്നുണ്ട്. ജ്ഞാനസ്നാനത്തിന്റെ ആരാധനക്രമത്തിന്റെ ആദ്യഭാഗത്താണത്. ദൈവം തനിക്കായി തിരഞ്ഞെടുക്കപ്പെട്ടവരെ തന്റെ അടയാളങ്ങൾ പതിപ്പിക്കുന്നത് ബൈബിളിൽ നമുക്ക് കാണാൻ സാധിക്കും. ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെമേൽ ഒരടയാളം പതിച്ചു." (ഉൽ 4:15) ഇസ്രയേൽ ജനത്തെ ഈജിപ്തിന്റെ അടിമത്ത്വത്തിൽ നിന്നും മോചിപ്പിക്കേണ്ട അവസരത്തിൽ ഇസ്രായേൽ ജനത്തിന്റെ കട്ടിളപടിയിൽ അടയാളമിട്ട് സംഹാരദൂതനിൽ നിന്ന് ഇസ്രായേൽ ജനം രക്ഷപ്പെടുന്നതും പുറപ്പാടിന്റെ പുസ്തകത്തിൽ 12 അധ്യായം 11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ നമുക്ക് കാണാൻ സാധിക്കും. നിയമാവർത്തനം 6:48-ൽ ദൈവവചനങ്ങൾ കൈയിൽ അടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയുന്നതും എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ 9:4-ൽ പറയുന്ന വിശ്വസ്തരുടെ അടയാളവും ഇതിന് ഉദാഹരണങ്ങളാണ്. പുതിയ നിയമത്തിൽ വെളിപാട് പുസ്തകത്തിൽ 14:1-ൽ നാം വായിക്കുന്നു. കുഞ്ഞാടിനോടുകൂടി സീയോൻ മലയിൽ നിൽക്കുന്നവരുടെയെല്ലാം നെറ്റിയിൽ കർത്താവിന്റെ നാമം അടയാളപ്പെടുത്തിയിട്ടുണ്ട് എന്ന്. ഈ വചനഭാഗങ്ങൾ നെറ്റിയിൽ കുരിശുവരക്കുന്നതിന്റെ പ്രേരക ഘടകങ്ങളായി നമുക്ക് കാണാം.

കുരിശടയാളം ക്രിസ്തീയ സത്യങ്ങളുടെ ആകെ തുകയാണെന്ന് പറയാം. തെർത്തുല്ല്യൻ പഠിപ്പിക്കുന്നതനുസരിച്ച് നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കുരിശുവരച്ച് ആരംഭിക്കുന്നു. യാത്രയ്ക്ക് പോകുമ്പോഴും വരുമ്പോഴും ദൈവാലയത്തിന്റെ മുമ്പിലൂടെ കടന്നുപോകുമ്പോഴും ഭക്ഷണം കഴിക്കുന്നതിന് മുമ്പും പിമ്പും തുടങ്ങി നമ്മുടെ എല്ലാ കാര്യങ്ങളിലും നാം കുരിശുവരയ്ക്കണമെന്ന് ഈ വിശുദ്ധൻ നമ്മെ പഠിപ്പിക്കുന്നു. ആദ്യനൂറ്റാണ്ടുകൾ മുതലേ കുരിശടയാളം ക്രൈസ്തവ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും അവിഭാജ്യ ഘടകമായിരുന്നു. വിശുദ്ധരായ അബ്രോസ്, അഗസ്റ്റിൻ, അപ്രേം, ജോൺ ക്രിസോസ്റ്റം, സിറിൾ തുടങ്ങിയവർ കുരിശടയാളത്തെക്കുറിച്ച് പഠിപ്പിച്ചിട്ടുള്ള ആദ്യകാല സഭാ പിതാക്കന്മാരാണ്.

ഈ വിശുദ്ധ കുരിശിന്റെ അത്ഭുതങ്ങളുടെ ആരംഭം ഏ.ഡി. 312-ൽ നടന്ന യുദ്ധത്തിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ വിജയമാണ്. എതിരാളികളെ നേരിടാനുള്ള ശക്തി ഇല്ലാത്തിനാൽ നിരാശപ്പെട്ടിരുന്ന ചക്രവർത്തി ആകാശത്തിൽ തെളിഞ്ഞ കുരിശടയാളം ഉപയോഗിച്ച് വിജയം വരിച്ചതായി ചക്രവർത്തിയുടെ ജീവിചരിത്രകാരനായ കേസറിയായിലെ യൗസേബിയൂസ് രേഖപ്പെടുത്തുന്നുണ്ട്. ഇതിനുശേഷം നടന്ന സംഭവവികാസങ്ങൾ 313-ലെ മിലാൻ വിളംബരത്തിന് സാഹചര്യമൊരുക്കുകയും ക്രിസ്തീയ വിശ്വാസവും ആരാധന സ്വാതന്ത്ര്യവും ഈ വിളംബരത്തിലൂടെ ഏവർക്കും ലഭിക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ നാമം ഉന്മൂലനം ചെയ്യാനായി റോമൻ ചക്രവർത്തിയായിരുന്ന നസ്രിയാൻ ക്രിസ്തുവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെല്ലാം വീനസ് ദേവിയുടെ ക്ഷേത്രങ്ങൾ പണികഴിപ്പിച്ചിരുന്നു. എന്നാൽ കോൺസ്റ്റന്റെൻ ചക്രവർത്തിയുടെ മാതാവായിരുന്ന വി. ഹെലേനയാണ് കാൽവരിയിലും ബെത്‌ലഹെമിലും നിർമിക്കപ്പെട്ട ക്ഷേത്രങ്ങൾ മാറ്റി ദൈവാലയങ്ങൾ പണികഴിപ്പിച്ചത്. നീണ്ട നാളത്തെ അന്വേഷണത്തിനു ശേഷം വിശുദ്ധ യേശുവിനെ തറച്ച കുരിശ് കണ്ടെത്തി. മൂന്നു കുരിശുകൾ കണ്ടെത്തിയതിൽ ക്രിസ്തുവിന്റെ കുരിശ് ഏതെന്നറിയാനായി അതിലെ കടന്നുപോയ മൃതസംസ്കാരയാത്രയിലെ മൃതശരീരത്തിൽ കുരിശ് മുട്ടിക്കുകയും മരിച്ചയാൾക്ക് ജീവൻ ലഭിക്കുകയും ചെയ്തുവെന്നും അങ്ങനെ യഥാർത്ഥ കുരിശ് കണ്ടെത്തിയെന്നും ചരിത്രം പറയുന്നു. ആ കുരിശിനെ പുതിയ ദൈവാലയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തതിന്റെ തിരുനാളാണ് നാം ആഘോഷിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. (സെപ്റ്റംബർ 14).

വിശുദ്ധ സിപ്രിയൻ പറയുന്നു. നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്ന എല്ലാവർക്കും രക്ഷ ലഭിക്കുമെന്ന് ഒരിജിൻ പറയുന്നത് ക്രിസ്ത്യാനികൾ എന്തു ചെയ്യുന്നതിനും മുമ്പ് നെറ്റിയിൽ കുരിശ് വരച്ചിരിന്നുവെന്നാണ്. വി. അബ്രോസ് പറയുന്നത് കത്തോലിക്കരാകാൻ ആഗ്രഹിച്ചുവന്നിരുന്ന അർത്ഥികൾ കുരിശടയാളത്തിൽ വിശ്വസിച്ചിരുന്നുവെന്നാണ്.

പിതാവിന്റെയും പുത്രന്റെയും പരി. ആത്മാവിന്റെയും നാമത്തിൽ എന്ന് പറഞ്ഞ് കുരിശടയാളം വരയ്ക്കുന്നത് നമ്മുടെ രക്ഷയുടെ ആരംഭമാണ്. ലോകത്തിലെ ഏറ്റവും ശ്രേഷ്ഠവും വിശുദ്ധവുമായ ഈ അടയാളം വിശ്വാസത്തോടെ സ്വീകരിക്കാം. അങ്ങനെ വരയ്ക്കുന്ന കുരിശുകളെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി അനുദിനമുണ്ടാകുന്ന വിഷമങ്ങളും, പ്രയാസങ്ങളും, വേദനകളും, ഒറ്റപ്പെടലുകളും കുരിശിന്റെ ആണികളോട് ചേർത്ത് ഉത്ഥാനത്തിന്റെ വലിയ പ്രതീക്ഷയോടെ ജീവിക്കാൻ പരിശ്രമിക്കാം.




## സെപ്റ്റംബർ

## ജന്മദിനാശംസകൾ

- 04 ഫാ. മാത്യു വട്ടമാക്കിൽ
- 09 ഫാ. ഫ്രാൻസീസ് കമ്പോളത്തുപറമ്പിൽ
- 11. ഫാ. വിൻസെന്റ് പാറമേൽ
- 16. ഫാ. ജസ്റ്റിൻ കാരംകുന്നേൽ, സി.എഫ്.ഐ.സി.
- 18. ഫാ. ആന്റണി രാജ് കന്നിശ്ശേരി
- 20. ഫാ. ഫിലിപ് തേവർകളത്തിൽ
- 29. ഫാ. ഹിലാരി തെക്കേക്കുറ്റ്
- 30. ഫാ. ഡെന്നീസ് കണ്ണമാലിൽ

# അദ്ധ്യാപകദിനം : സെപ്റ്റംബർ 5

**അ**ദ്ധ്യാപനം അതീവശ്രേഷ്ഠമായ ഒരു കർമ്മമാണ്. നിലത്തെഴുത്താശാന്മാർ തുടങ്ങി പ്രപഞ്ചരഹസ്യങ്ങളുടെ ഉള്ളറകളിലേക്ക് ശിഷ്യനെകൂട്ടികൊണ്ട് പോകുന്ന മഹാഗുരുക്കന്മാർവരെ അണിചേർന്ന ഒരു വലിയ സംഘാതമാണത്. വായനയിലൂടെയും നിരന്തരമായ പരിശീലനത്തിലൂടെയും ശിഷ്യനെ അവന്റെ യഥാർത്ഥമായ വഴിയിലെത്തിക്കുവാൻ അക്ഷീണം പരിശ്രമിക്കുന്നവരാണ് ഗുരുക്കന്മാർ. അതുകൊണ്ടുതന്നെ ലോകപ്രശസ്തമാണല്ലോ നമ്മുടെ ഗുരുകുല വിദ്യാഭ്യാസസമ്പ്രദായം. അതിനുമപ്പുറം നിൽക്കുന്ന യവന തത്വചിന്തകർ ഉൾപ്പെടുന്ന ലോക ഗുരുക്കന്മാർ പ്രാചീനഗുരുക്കന്മാരൊക്കെയും വിജ്ഞാനം നിറഞ്ഞുതുളുമ്പുന്ന കലാശാലകളായിരുന്നു. എന്നാൽ ഇന്ന് അതിന് വലിയ മാറ്റം വന്നിരിക്കുന്നു.

ലോകമെമ്പാടും വിവിധ രാജ്യങ്ങൾ അദ്ധ്യാപകദിനം ആഘോഷിക്കുന്നുണ്ട്. എന്നാൽ UNICEFന്റെ നേതൃത്വത്തിൽ ലോക അദ്ധ്യാപകദിനം ആചരിക്കുന്നത് എല്ലാവർഷവും ഒക്ടോബർ മാസം 5–ാം തീയതിയാണ്. ഇന്ത്യയിലാകട്ടെ അദ്ധ്യാപകനും രാഷ്ട്രപതിയുമായിരുന്നു ഡോ. സർവ്വേപ്പിള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്റ്റംബർ 5–ാം തീയതി അദ്ധ്യാപകദിനമായി ആഘോഷിക്കുന്നു. ഈ സുദിനത്തിൽ നമുക്ക് അദ്ധ്യാപകരെക്കുറിച്ച് അല്പമൊന്ന് ചിന്തിക്കാമെന്ന് തോന്നുന്നു.

ഗുരുശബ്ദത്തിന്റെ വ്യാഖ്യാനമറിയാത്തവർ ആരും തന്നെയുണ്ടാവില്ല. ലോകപ്രശ്സ്തരായ അനേകം ഗുരുക്കന്മാരും ആചാര്യന്മാരും ഉണ്ടെങ്കിലും എല്ലാ അർത്ഥത്തിലും ലോകത്തിന്റെ പ്രകാശമായ യേശുക്രിസ്തുവിനെപ്പോലെ മറ്റൊരു ഗുരു ഇനിയുണ്ടാവുമെന്ന് തോന്നുന്നില്ല. ലോക പ്രശ്സതനായ ഭൗതിക ശാസ്ത്രജ്ഞൻ ഇ.സി.ജി. സുദർശൻ പറയുന്നു. "ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസുകളായിരുന്നു." ഒരദ്ധ്യാപകന്റെ സ്വാധീനം ഈ വാക്കുകളിൽ സുവ്യക്തമാണ്.

ശിഷ്യന്റെ ഹൃദയമിടിപ്പ് അറിയുന്ന ഗുരുക്കന്മാരുടെ ചിത്രം, പ്രശ്സ്ത കഥകളി സംഗീതജ്ഞനായ കലാമണ്ഡലം ഹൈദരാലി, 'മജ്ഞതരം' എന്ന തന്റെ ആത്മകഥയിൽ സ്നേഹാദരങ്ങളോടെ ഏറ്റുപറയുന്നത് ശ്രദ്ധേയമാണ്.

ഒരാൾ ഗുരുവായിത്തീരണമെങ്കിൽ നേരിട്ട് പഠിപ്പിക്കണമെന്ന് നിർബന്ധമില്ല. യവനതത്വചിന്തകന്മാർ മുതലിങ്ങോട്ട് നിരക്ഷരരായ ഗുരുഭൂതന്മാർവരെ നമുക്കുണ്ട്. ഗുരുകുല വിദ്യാഭ്യാസം തൊട്ട് ആധുനിക സാങ്കേതിക വിദ്യകൾവരെ വ്യാപിച്ചുകിടക്കുന്ന അറിവിന്റെ ആകാശത്ത് ആരും ആർക്കും എപ്പോൾ വേണമെങ്കിലും ഗുരു ആകാമെന്ന സ്ഥിതി സംജാതമായിരിക്കുന്നു. അദ്ധ്യാപകൻ ഗൈഡ്, മെന്റർ എന്നിങ്ങനെ വിവിധ രൂപഭാവങ്ങൾക്ക് വിധേയനാണിന്ന്.

ഗുരു ശിഷ്യബന്ധത്തിന്റെ തീവ്രതയും ഊഷ്മളതയും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ ഒരേ സമയം അദ്ധ്യാപകനായും വിദ്യാർത്ഥിയായും വിജയിക്കുക എന്ന ക്ലേശം നിറഞ്ഞ പാതയിലൂടെ സഞ്ചരിക്കുന്നു നമ്മുടെ അദ്ധ്യാപകർ. കൊറോണയുടെ വ്യാപനത്തെത്തുടർന്ന് ഇലക്ട്രോണിക മീഡിയ അദ്ധ്യാപകന്റെ റോൾ കൈയ്യടക്കാൻ ശ്രമിച്ചു. കുറച്ചൊക്കെ വിജയിക്കുകയും ചെയ്തു. എന്നാൽ നാം മറക്കരുതാത്ത വസ്തുത അദ്ധ്യാപകർ കേവലം അറിവിന്റെ വിതരണക്കാർ മാത്രമല്ല പിന്നയോ ജീവിതത്തെത്തന്നെ വിദ്യാർത്ഥികൾക്കായി ഉഴിഞ്ഞുവച്ചവരാണ്. കലാകായികരംഗത്ത് മാത്രമല്ല ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്ക് കുട്ടിയെ കൂട്ടികൊണ്ട് പോകുന്ന പ്രകാശ ഗോപുരങ്ങളാണ്. ഇത് തിരിച്ചറിയുന്ന കാര്യത്തിൽ നിർഭാഗ്യവശാൽ രക്ഷിതാക്കളും കുട്ടികളും പരാജയപ്പെട്ടിരിക്കുന്നു എന്നത് തികച്ചും ഖേദകരമാണ്.

മാതാപിതാ ഗുരു ദൈവം എന്ന ചൊല്ല് ഒരിക്കൽപോലും ഹൃദയത്തിൽ പതിപ്പിക്കാത്ത ആധുനികരായ കുട്ടികൾ ആദ്യം ഗുരുവിനെയും പിന്നെ മാതാപിതാക്കളെയും ഉപേക്ഷിച്ച് സ്വന്തം വഴിയെ പറക്കുകയാണ്. സ്വാർത്ഥതാ നിർഭരമായ ഈ പറക്കൽ അവരെ എവിടെയെത്തിക്കും എന്ന് നാം അന്വേഷിക്കാറില്ല. ഒടുവിൽ ദുരന്തമുഖത്ത് നിന്ന് നിസ്സഹായരായി നമ്മെ വിളിക്കുമ്പോഴേക്കും സമയം വൈകിയിരിക്കും.

പലപ്പോഴും കുറെയേറെ അദ്ധ്യാപകർ ആനുകാലികമായ അപ്ഡേറ്റ് സ്വന്തം ജീവിതത്തിൽ നടത്താത്തതുകൊണ്ട് കഷ്ടപ്പെടുന്നതും നമ്മൾ കാണേണ്ടിവരുന്നു. വിദ്യാഭ്യാസമേഖലയിലെ മാറ്റങ്ങൾ നിരന്തരം ഉൾക്കൊണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മികച്ച അദ്ധ്യാപകനാകാൻ കഴിയൂ. അതിന് സമൂഹത്തിന്റെ പിന്തുണകൂടി ലഭിക്കേണ്ടിയിരിക്കുന്നു. കൂട്ടുകുടുംബാംഗങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്കുള്ള മാറ്റം കുട്ടികളെ സാരമായി ബാധിച്ചിട്ടുണ്ട്. തന്മൂലമുള്ള പഠന വൈകല്യങ്ങളും ഏറിവരുന്നു. ഇതിനൊക്കെ പരിഹാരം കണ്ടെത്തി കുട്ടികളെ ശരിയായ പാതയിലൂടെ നയിക്കാൻ മികച്ച അദ്ധ്യാപകനു കഴിയും.

നമ്മുടെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണമെങ്കിൽ അദ്ധ്യാപകരുടെ കഠിനാദ്ധ്വാനം കൂടിയേ തീരൂ. അതിനാവശ്യമായ പഠന പദ്ധതികളും ആവിഷ്ക്കരിക്കപ്പെടേണ്ടതുണ്ട്. പലപ്പോഴും വിദ്യാഭ്യാസ മേഖലയുമായി കാര്യമായ ബന്ധമൊന്നുമില്ലാത്തവരാണ് പല പദ്ധതികളും ആവിഷ്ക്കരിക്കുന്നത്. ഉദാഹരണമായി പാരമ്പര്യ രീതിയിലുള്ള അക്ഷരമാലക്രമം ഉപേക്ഷിച്ച് അക്ഷരം പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ തന്നെ കാര്യങ്ങൾ കൈവിട്ടുപോയി. ഡിഗ്രിയുള്ളവർക്കുപോലും മാതൃഭാഷയായ മലയാളത്തിൽ തെറ്റുകൂടാതെ രണ്ടു വാചകമെഴുതാൻ കഴിയാത്ത നിസ്സഹായാവസ്ഥയാണിന്നുള്ളത്. ഇതിനൊക്കെ പരിഹാരം കണ്ടെത്തി അദ്ധ്യാപകർ നഷ്ടപ്രതാപം വീണ്ടെടുക്കേണ്ടിയിരിക്കുന്നു.

ഈ അദ്ധ്യാപകദിനത്തിലൂടെ കടന്നുപോകുമ്പോൾ നിഷ്പക്ഷമായി വസ്തുക്കളെ വിലയിരുത്തി മനസാക്ഷിക്കൊത്ത് പ്രവർത്തിക്കന്ന തലമുറയെ വാർത്തെടുത്തെങ്കിൽ മാത്രമെ അദ്ധ്യാപനം പൂർണ്ണമാകൂ. അവി

ടെയാണ് സമൂഹത്തിലും സംസ്കാരത്തിലും അനുപേക്ഷണീയമായ വർത്തന വ്യതിയാനം ഉണ്ടാവുക.

സമൂഹം അദ്ധ്യാപകരിൽ നിന്ന് പ്രതീക്ഷിക്കുന്നത് ഉന്നതവും ഉത്തമ വുമായ മാതൃകകളാണ്. അത് വേണ്ട സമയത്ത് വേണ്ട പാകത്തിൽ പകർന്ന് നൽകുകയും അവരുടെ നൂറുമേനി വിളവുണ്ടാവുകയും ചെയ്യ ണമെന്നാണ് നാമോരോരുത്തരും അഭിലക്ഷിക്കുക.

ഈ അദ്ധ്യാപക ദിനം നൽകുന്ന ഏറ്റവും വലിയ സന്ദേശം കാല ത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് ഉചിതമായ തിരുത്തലുകൾ നൽകി സമൂഹത്തെ മുന്നോട്ട് നയിക്കാൻ അദ്ധ്യാപകർക്ക് കഴിയണമെന്നതാണ്. അതിന് കഴിഞ്ഞാൽ അദ്ധ്യാപനമെന്ന തപസ്യ അതിന്റെ പൂർണ്ണതയി ലെത്തുമെന്നതിൽ സംശയമില്ല.

*ജോൺസൺ ചെത്തിപ്പുഴ*

---

# നല്ല സമറായൻ ദിനം



കുറുമുള്ളൂർ നല്ല സമറായൻ ദിനം: മാഞ്ഞൂർ മരിയസദൻ സന്ദർശിച്ചപ്പോൾ

കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ നല്ല സമറായൻ ദിനം ആചരിച്ചു. വി. കുർബാനയ്ക്കു ശേഷം ഇടവക വികാരി റവ.ഫാദർ ജോഫി വല്ലത്തുംചിറയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിനു സൺഡേ സ്കൂൾ എച്ച്.എം. ശ്രീ. ജോസഫ് നെല്ലിത്താനം സ്വാഗതം അർപ്പിച്ചു. മാഞ്ഞൂർ മരിയസദൻ സ്ഥാപനത്തിന്റെ ഡയറക്ടർ ശ്രീ. ലിജോ മോൻ കെ.പി. മുഖ്യാതിഥിയായിരുന്നു. മതബോധന വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും സ്വരൂപിച്ച 5300 രൂപ മരിയസദൻ ഡയറ ക്ടർക്കു കൈമാറുകയും അദ്ദേഹം തന്റെ അനുഭവങ്ങൾ എല്ലാവരുമായി പങ്കുവയ്ക്കുകയും ചെയ്തു. മതബോധന വിദ്യാർത്ഥികൾ നല്ല സമറാ യന്റെ കഥ നാടകരൂപത്തിൽ അവതരിപ്പിച്ചു.

# കടലുപോലൊരമ്മയാണ്
# പരിശുദ്ധ കന്യക മറിയം

**ഫാ. ജോസഫ് മീനായിക്കോടത്ത്**



**ക**ടലുപോലൊരമ്മയാണ് പരിശുദ്ധ കന്യക മറിയം. അമ്മയെക്കുറിച്ച് നമ്മൾ അറിഞ്ഞിട്ടുള്ളത് ഒരല്പമാണ്; അറിയാത്തത് അനന്തവും. ഇരുപതാം നൂറ്റാണ്ടു മുതൽ, പ്രത്യേകിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം പല തലങ്ങളിൽ പരിശുദ്ധ അമ്മയെക്കുറിച്ച് ചിന്തിക്കുകയും പറയുകയും പഠിക്കുകയും ചെയ്യുന്നുണ്ട്. ഇതര ക്രൈസ്തവ സഭകളും പരിശുദ്ധ അമ്മയെക്കുറിച്ച് പഠിക്കുകയും അവളെ അംഗീകരിച്ച് തുടങ്ങുകയും ചെയ്യുന്നുണ്ട്.

പ. അമ്മയെക്കുറിച്ചുള്ള വിചിന്തനങ്ങളിൽ ഏറ്റവും വിപ്ലവാത്മകമായ ചിന്തയാണ് വിമോചനത്തിന്റെ മാതാവ് എന്നത്. വിമോചനത്തിന്റെ രണ്ട് തലങ്ങൾ പരിശുദ്ധ അമ്മയിൽ കാണാൻ സാധിക്കും: ഒന്ന് ആത്മീയതലം, രണ്ട് ഭൗതിക തലം. പരിശുദ്ധ അമ്മയുടെ വിമോചനത്തിന്റെ ആത്മീയ തലം ബൈബിളിന്റെ ആദ്യ പുസ്തകം മുതൽ അവസാന പുസ്തകം വരെ പരാമർശിക്കുന്നുണ്ട് (ഉത് 3:15, വെളി 12:17). അവൾ സാത്താന്റെ സാമ്രാജ്യത്തെ തകർത്ത് , മനുഷ്യ കുലത്തെ മുഴുവനും പിശാചിന്റെ ആധിപത്യത്തിൽ നിന്ന് രക്ഷിക്കുന്ന വിമോചകയാണ്. പൈശാചിക ആക്രമണത്തിൽ നിന്നും രക്ഷ നേടാൻ പരിശുദ്ധ അമ്മയുടെ സഹായം തേടാനാണ് ഈശോ വി. എവുപ്രാസ്യയോട് അരുൾചെയ്തത്. രണ്ടാം വത്തിക്കാൻ സുനഹദോസ് നിരീക്ഷിക്കുന്നതുപോലെ പരിശുദ്ധ അമ്മയുടെ പാപരഹിതമായ അവസ്ഥയാണ് പിശാചിന്റെ ആധിപത്യത്തെ തകർക്കാൻ മാതാവിനെ പ്രാപ്തയാക്കിയത് (L.G. 56). വി. ഇരണേവൂസ് പറയുന്നു 'ഹവ്വായുടെ അനുസരണക്കേടിന്റെ കെട്ട് മറിയത്തിന്റെ അനുസരണം വഴി അഴിക്കപ്പെട്ടു. കന്യകയായ ഹവ്വ അവിശ്വാസം മൂലം ബന്ധിച്ചത് മറിയമെന്ന ഈ കന്യക വിശ്വാസം മൂലം അഴിച്ചു'. അതിനാലാണ് വി. ജെർമ്മാനുസ് ഇങ്ങനെ പ്രാർഥിച്ചത് 'ഓ! മറിയമേ, ക്രിസ്ത്യാനികളുടെ ജീവനായ അങ്ങ് ഞങ്ങളെ ഉപേക്ഷിക്കുകയാണെങ്കിൽ രക്ഷയെക്കുറിച്ച് പിന്നെ ഞങ്ങൾക്ക് എന്തു പ്രതീക്ഷയാണുള്ളത്, അപ്പോൾ ഞങ്ങൾ എന്തായി തീരും!'

മറിയം നല്കുന്ന വിമോചനത്തിന്റെ ഭൗതികതലം അത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. മറിയത്തിന്റെ സ്തോത്ര ഗീതത്തിൽ (ലൂക്ക 1:46 56) വിമോചനത്തിന്റെ കാഹളനാദം ശ്രവിക്കാനാകും. മൂന്നു തരത്തിലുള്ള വിമോചനം ഇവിടെ പ്രഖ്യാപിക്കപ്പെടുന്നുണ്ട്. ഒന്നാമത്തേത് ധാർമികമായ വിമോചനമാണ്. അഹങ്കരിക്കുന്നവരെ ചിതറിക്കുന്ന ദൈവം ( ലൂക്ക 1:51 )

എന്ന വാക്യത്തിൽ അതു വ്യക്തമാണ്. ശക്തന്മാരെ സിംഹാസനങ്ങളിൽ നിന്നും തകിടം മറിക്കുന്ന ദൈവമെന്ന (ലൂക്ക 1:52 ) പ്രസ്താവാനയിൽ സാമൂഹിക തലത്തിലുള്ള വിമോചനം കാണാനാകും അവസാനമായി ദരിദ്രരോട് പക്ഷം ചേരുന്ന ദൈവത്തെക്കുറിച്ചുള്ള (ലൂക്ക 1:53) ചിത്രത്തിൽ സാമ്പത്തിക തലത്തിലെ വിമോചനത്തിന്റെ സൂചന ദർശിക്കാനാകും. രക്ഷകന്റെ അമ്മ എന്ന ചാക്രികലേഖനത്തിലൂടെ വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു 'ദരിദ്രരോട് സഭയ്ക്കുള്ള പ്രത്യേക സ്നേഹം മറിയത്തിന്റെ മഹത്ത്വ കീർത്തനത്തിൽ വിസ്മയനീയമാം വിധം രേഖപ്പെടുത്തിയിട്ടുണ്ട്' (No:37).

യേശുവിന്റെ പ്രഥമ പ്രസംഗത്തിൽ തന്നെ ദരിദ്രരോടുള്ള പക്ഷം ചേരൽ കാണാനാകും (ലൂക്ക 4 : 18). സഭയിലെ പ്രഥമ കൗൺസിൽ അപ്പസ്തോലൻമാരുടെ നേതൃത്വത്തിൽ ജറുസലേമിൽ കൂടിയപ്പോൾ പരിഗണിച്ച രണ്ട് വിഷയങ്ങളിൽ ഒന്ന് പാവങ്ങളോടുള്ള കരുതലാണ് (ഗലാ 2:10). വി.ലോറൻസ് സഭയുടെ സമ്പത്തായി ഉയർത്തിക്കാണിക്കുന്നത് ദരിദ്രരെയാണ്. വിമോചന ദൈവശാസ്ത്രജ്ഞൻമാർക്കെല്ലാം വിമോചനത്തിന്റെ വലിയ മാതൃക പരിശുദ്ധ കന്യകമറിയവും വിമോചനസന്ദേശം മറിയത്തിന്റെ മഹത്ത്വ കീർത്തനവും ആയിരുന്നു. അടിമകളെ മോചിക്കനായി നിരന്തരം പ്രയത്നിച്ച വി. പീറ്റർ നൊളാസ്കോയ്ക്കും ശിഷ്യർക്കും പ്രേരണ ലഭിച്ചതും പരിശുദ്ധ അമ്മയിൽ നിന്നുമാണ്.

നാസിസമെന്ന മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ പൈശാചിക ശക്തിയെ തകർക്കുന്ന 'ആത്മിയ വെടിയുണ്ട' ആയിട്ടാണ് വി. മാക്സ്മില്യൻ കോൾബബെ മറിയത്തെ കണ്ടത്. ലോകത്തിൽ ദൈവനിഷേധം വളർത്തുകയും പടർത്തുകയും ചെയ്ത കമ്മ്യൂണിസ്റ്റുകളുടെ ഇരുമ്പു കരങ്ങളിൽ നിന്ന് ലോകത്തെ മോചിച്ചത് പരിശുദ്ധ അമ്മയാണെന്നുള്ളത് നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. വി.കൊച്ചുത്രേസ്യ പറയുന്നു. 'വേദനകളുടെയും പ്രയാസങ്ങളുടെയും നടുവിൽ നാം അഭയം തേടേണ്ടത്, തന്റെ സ്നേഹ കടാക്ഷത്തിലൂടെ ഭയം ഇല്ലാതാക്കുന്ന പരിശുദ്ധ അമ്മയിലാണ്.'

---



*നല്ല സമറായൻ ദിനത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ശ്രീ. ലിജോമോനെ പൊന്നാടയണിച്ച് കുറുമുള്ളൂർ വികാരി ആദരിച്ചു.*

# മിണ്ടാതെ മിണ്ടുന്നവർ

**ബ്ര. ലിജിൻ വരകുകാലായിൽ**

**പോ**ളിഷ് എഴുത്തുകാരനായ യാൻദോ ബ്രാസിൻ സ്കി 'The Shadow of the Father' എന്ന നോവലിൽ വി. യൗസേപ്പിതാവിന്റെ ജീവിതം രേഖപ്പെടുത്തുന്നുണ്ട്. സ്മരണകളുണർത്തുന്ന നിഴലിന്റെ ബിംബമാണ് യൗസേപ്പിതാവിനെ നിർവ്വചിക്കാനായി നോവലിസ്റ്റ് ഉപയോഗിക്കുന്നത്. ആരാലും ശ്രദ്ധിക്കപ്പെടാത്ത ഗുപ്തസാന്നിധ്യമായി നിലനിൽക്കുകയും നിഴൽ ജീവിതം നയിക്കുകയും ചെയ്യുന്ന ഒരു ആദ്ധ്യാത്മിക പിതാവായാണ് യൗസേപ്പിതാവ് മാറുന്നത്. ഈശോ കൂടെ ഉണ്ടായിരുന്നിട്ടും ഈശോയോട് കൂടെ ആയിരുന്നിട്ടും വി. യൗസേപ്പിതാവും പരി. കന്യമറിയവും കടന്നുപോയ കനൽ വഴികളും അഗ്നി പരീക്ഷകളും എത്രയോ അപകടം നിറഞ്ഞതായിരുന്നു. തീയിൽ എരിഞ്ഞു ചാമ്പലാവാതെയും വെള്ളത്തിൽ മുങ്ങി താഴാതെയും (എശയ്യ 43:2-4) തിരുകുടുംബം നിലനിന്നത് യൗസേപ്പിതാവിന്റെ വിയർപ്പിന്റെ അദ്ധ്വാനവും തിരുകുടുംബത്തിലെ സ്നേഹവുമാണ്. ദാരിദ്ര്യത്തിൽ അധിഷ്ഠിതമായ ഈ നിഷേധാത്മക അനുഭവത്തിലും മറുതലിക്കുകയോ, നിരാശപ്പെടുകയോ, പഴി പറയുകയോ തളരുകയോ ചെയ്യാതെ പുത്തൻ സാധ്യതകളിലൂടെ ക്രിയാത്മക ധൈര്യമുള്ളവരാകാനും അതുവഴി ആദ്ധ്യാത്മിക ജീവിതത്തിന്റെ പുതിയ തലത്തിലെത്തുവാനും വി. യൗസേപ്പിതാവ് നമ്മെ ക്ഷണിക്കുന്നു.

നീതിയിലധിഷ്ഠിതമായ സാർവ്വ സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും അടിസ്ഥാനത്തിൽ ഒരാഗോള കുടുംബം രൂപപ്പെടണമെന്ന് "എവരും സോദരർ" എന്ന സാമൂഹിക ചാക്രിക ലേഖനത്തിലൂടെ ആഹ്വാനം ചെയ്ത ഫ്രാൻസീസ് പാപ്പ നീതിമാനായ യൗസേപ്പിനെ കുടുംബങ്ങളുടെ സംരക്ഷകനായും, ആദ്ധ്യാത്മിക പിതാവായും മാതൃകയായും ലോകത്തിനു മുന്നിൽ പ്രതിഷ്ഠിച്ചു.

1. മൗനത്തിൽ മുഴങ്ങുന്ന ആദ്ധ്യാത്മികത. വി. യൗസേപ്പിതാവ് ആദ്ധ്യാത്മിക ജീവിതത്തിന്റെ ജീവനുള്ള പ്രതിരൂപമാണ്. വാക്കുകളുടെ ആരവങ്ങൾ മുഴക്കാതെ മൗനത്തിന്റെ ഇടനാഴിയിൽ കഴിയുകയായിരുന്നു ഈ പിതാവ്. എല്ലാം ഹൃദയത്തിന്റെ മൗനത്തിൽ പ്രാർത്ഥിച്ചിരുന്ന മറിയവും അഞ്ചുമാസം ദൈവകൃപയുടെ അജ്ഞാത വഴികളെ പുറത്തറിയിക്കാതെ ശ്വാസമടക്കി നടന്ന എലിസബത്തും. മൗനത്തിന്റെ മാറ്റൊലികൊണ്ട് ശബ്ദമില്ലാത്തവരുടെ ശബ്ദമാവാൻ, ശബ്ദിക്കാൻ കഴിയുമായിരുന്നിട്ടും ദൈവത്തിന് നൽകിയ നിശബ്ദതയുടെ ജീവിതം വി. യൗസേപ്പിതാവിന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിത്തറയായിരുന്നു. ജോബിന്റെ പുസ്തകം (40:3-4) പറയുന്നു. "ഇനി ഞാൻ മിണ്ടുകയില്ല" ഓരോ സംസാരത്തിന്റെയും പിന്നിൽ നീണ്ട നിശബ്ദത ഉണ്ടായാലേ വാക്കുകൾക്ക് ജീവ

നുണ്ടാവുകയുള്ളൂ. ഓരോ വചന പ്രഘോഷണങ്ങൾക്ക് പിന്നിലും ദീർഘമായ നിശബ്ദതയുടെ മണിക്കൂറുകൾ ഉണ്ടായാലേ ദൈവസ്വരം ജനം കേൾക്കൂ. ധ്യാനത്തിന്റെ നിശബ്ദമണിക്കൂറുകളെ വഴി നടത്തലിന്റെ വചനങ്ങൾക്ക് ജന്മമേകൂ. ഇത്തരം വചനങ്ങൾ യൗസേപ്പിതാവിന്റെ ജീവിതത്തിൽ നിന്ന് കടമെടുത്തിട്ടുള്ളതാണ്. ദൈവത്തിന്റെ ഉത്തരങ്ങൾക്ക് മുന്നിൽ ചോദ്യങ്ങളുയർത്താതെ മൗനിയായ് നിന്നു വി. യൗസേപ്പിതാവ്. ആദ്ധ്യാത്മികത എന്നവാക്കിന് പകുതിയിലധികം വ്യക്തത മൗനം എന്ന ഈ ചെറിയ വാക്കുകൊണ്ട് വി. യൗസേപ്പിതാവ് അർത്ഥം നൽകുന്നുവെന്ന് തീർച്ചയാണ്.

2. പ്രതിസന്ധിയിൽ നിന്ന് ഉയരുന്ന ആദ്ധ്യാത്മികത. ജീവിതപ്രതിസന്ധിയിൽ ആദ്ധ്യാത്മിക ജീവിതം കൈവെടിയുന്ന പല ജീവിതങ്ങളും നമ്മുടെ ഇടയിലുണ്ട്. അവർക്ക് കൈയ്യിൽ മുറുകെപിടിക്കാവുന്ന ഒരു വ്യക്തിയാണ് വി. യൗസേപ്പിതാവ്. കാരണം മറിയത്തെ സ്വീകരിച്ചിടത്തും, ബദ്‌ലഹേമിലേക്ക് യാത്ര പോയിടത്തും, സത്രത്തിലെ തിരസ്കരണത്തിലും, കാലിത്തൊഴുത്തിലെ നിസഹായതയിലും നാടുകടത്തലിന്റെ പ്രാണഭയത്തിലും മടങ്ങിവരവിന്റെ അനിശ്ചിതത്വത്തിലും മകനെ കാണാതായ നീറ്റിലും കണ്ടുകിട്ടിയപ്പോഴത്തെ വെളിപാടുകളിലും ഒരുപോലെ വാചാലമാവുന്ന നിശബ്ദതയാണ് വി. യൗസേപ്പിതാവിന്റേത്. കല്ലെറിഞ്ഞു കൊല്ലാവുന്നിടത്താണ് ഈ നിശബ്ദത ഇടിമുഴക്കമാവുന്നത്. ഈ സത്യം നാം മനസ്സിലാക്കണം ഒരു വ്യക്തിയുടെ ദൈവവിളിയെ സംബന്ധിച്ച സുപ്രധാനസാക്ഷ്യം ഇതിൽ ഉൾക്കൊള്ളുന്നു. ഈ വിട്ടുകൊടുക്കലിലൂടെയും നിരാശയിലൂടെയും പ്രാണഭയത്തിലൂടെയും സ്വർഗീയ ജീവൻ വി. യൗസേപ്പിതാവ് നേടിയെടുത്തു എന്ന തീർച്ചയായും പറയാം. മനുഷ്യൻ തന്റെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുന്നതും തന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരുന്നതും ആത്മീയതയിലൂടെ ക്രിസ്തുവുമായി ആഴപ്പെടുന്നതിനും ജീവിതത്തിൽ ഇതെല്ലാം സാംശീകരിച്ച് ജീവിക്കുന്നതുമാണ് മനുഷ്യജീവനിൽ സുപ്രധാനം. ഉപവിയുടെ ജീവിതം നയിക്കുന്നവർക്കേ ധ്യാനാത്മകവും കർമ്മനിരതവുമായ ജീവിതം ഒന്നിച്ചുകൊണ്ടുപോവാനായി കഴിയൂ. ജീവിതത്തിൽ കർമ്മനിരതനും ആദ്ധ്യാത്മിക ജീവിതത്തിൽ മൗനം ഉൾക്കൊള്ളുന്ന പിതാവായി രൂപമാറ്റം ചെയ്യുന്ന ഇദ്ദേഹം ശബ്ദകോലാഹലങ്ങളുടെ ഈ പുത്തൻ തലമുറയ്ക്ക് എന്നും ഒരു മുതൽകൂട്ടാണ്.

വി.യൗസേപ്പിതാവിന്റെ ജീവിതം അനുകരിച്ച് ജീവിച്ച വി. ജോസഫ് മറേല്ലോയും, വി. ഫ്രാൻസീസ് ഡി. സാലസും, വി. അമ്മത്രേസ്യായും, വി. കൊച്ചു ത്രേസ്യയും യൗസേപ്പിതാവിന്റെ പ്രത്യേക ഭക്തരായിരുന്നു. 12–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബനഡിക്റ്റൻ സന്യാസിമാർ യൗസേപ്പിതാവിനെ ആദ്ധ്യാത്മിക പിതാവായാണ് കണക്കാക്കിയിരുന്നത്.

3. ധ്യാനത്തിലൂടെ വിരിയുന്ന ആദ്ധ്യാത്മികത. ആത്മീയമായി ജീവിക്കുന്ന ഏതൊരു വ്യക്തിയും കടന്നുപോവുന്ന അവസ്ഥയാണ് ധ്യാനം

അഥവാ മൗനം. ധ്യാനം കണ്ടെത്തലിനെ കുറിക്കുന്ന പദമാണ്. ആത്മീയ ജീവിതത്തോട് കൂടെ ഉപയോഗിക്കാൻ വേണ്ടി കരുതിവെച്ചിരുന്ന വാക്കാണത്. ധ്യാനാത്മക ജീവിതത്തിലൂടെ ദൈവത്തോട് കൂടെ ആയിരിക്കുന്ന വ്യക്തി. ഇതാണ് ഓരോ മനുഷ്യന്റെയും ആത്യന്തികമായ ലക്ഷ്യം. ഏറ്റവും നല്ല ആദ്ധ്യാത്മിക ജീവിതം ഉണ്ടാവുന്നത് ഉറക്കത്തിലൂടെയുമാണ്. കാരണം ഉറങ്ങുമ്പോൾ സ്വപ്നം ഉണ്ടാവുകയും ജീവിതത്തിന് അനിവാര്യമാണെങ്കിൽ അത് ജീവിതത്തിൽ പ്രാവർത്തികമാക്കാനും നാം പലപ്പോഴും ശ്രമിക്കും.

4. സ്വപ്നത്തിൽ വെളിപ്പെടുന്ന ആദ്ധ്യാത്മികത. അതുകൊണ്ടാണ് എ.പി.ജെ. അബ്ദുൽ കലാം പറയുന്നത് ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം. ഉറക്കം കെടുത്തുന്നതായിരിക്കണം സ്വപ്നങ്ങൾ. യൗസേപ്പിതാവിന്റെ ജീവിതത്തിൽ സ്വപ്നങ്ങൾ ഉണ്ടായതിനുശേഷമാണ് അദ്ദേഹത്തിന്റെ ഉറക്കം നഷ്ടപ്പെടുന്നത്. പിന്നീട് കത്തോലിക്ക സഭയിൽ ഉറങ്ങുന്ന യൗസേപ്പിതാവിനെപറ്റിയും അതിന്റെ മഹത്വത്തെപ്പറ്റിയും പരി. ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിക്കുകയുണ്ടായി. ഇതിലൂടെ വി. യൗസേപ്പിതാവ് ഉറക്കത്തിലൂടെയും പ്രാർത്ഥനയിലൂടെയും ആദ്ധ്യാത്മിക ജീവിതത്തിൽ വിളങ്ങി നിന്ന സുന്ദരകുസുമമാണെന്ന് തിരിച്ചറിയാൻ കഴിയുന്നു. അടിസ്ഥാനം എന്തായിരുന്നാലും അതിലേക്ക് ചേരുവാൻ ഉതകുന്ന പുണ്യജീവിതമാണ് പുണ്യവാന്റേത് എന്നത് തർക്കമില്ലാത്ത കാര്യമാണ്.

വി. മത്തായിയുടെ സുവിശേഷം 1:20–ൽ പറയുന്നു (യൗസേപ്പ്) അവൻ ഇതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ സ്വപ്നത്തിൽ ദൂതൻ പ്രത്യക്ഷപ്പെട്ട് അവനോട് അരുൾ ചെയ്തു. ഇതിൽ പറയുന്നു അവൻ ആലോചിച്ചുകൊണ്ടിരുന്നു എന്ന്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഒന്നാണ് ആലോചന. അതിലൂടെ മനസ്സിലാക്കാം ആദ്ധ്യാത്മിക ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ആവശ്യമാണ് എന്ന്. ജീവിതത്തെ വിവിധ തലങ്ങളിൽ പരിശുദ്ധാത്മാവ് നമ്മെ ശക്തരാക്കുന്നതിലൂടെയാണ് ഓരോ ജീവിതപ്രതിസന്ധിയിലൂടെയും നാം വിജയകരമായി ജീവിതം പൂർത്തിയാക്കുന്നത്. ആദ്ധ്യാമികതയിൽ വിളങ്ങുന്ന വ്യക്തിയുടെ പ്രലോഭനം വിവരിക്കാൻ കഴിയുന്നതിനും അപ്പുറമാണ്. അപ്പോൾ സഹായകനില്ലെങ്കിൽ അതിനെ വേണ്ടെന്നുവെയ്ക്കാൻ പ്രയാസമാണ്.

പ്രാർത്ഥനയുടെ മാതൃകയായ യൗസേപ്പ് ലോകദൃഷ്ടിയിൽ ശ്രദ്ധിക്കപ്പെടത്തക്ക പ്രവർത്തനങ്ങൾളോ പ്രസംഗങ്ങളോ നിർവ്വഹിച്ചതായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ഇന്നു സമൂഹത്തിൽ ഒട്ടുമിക്കവരും ഒരു നന്മപ്രവർത്തിച്ചാൽ അതു പെരുപ്പിച്ചുകാണിക്കുവാനും അതിൽ നിന്നു പ്രശംസ പിടിച്ചുപറ്റുവാനും വെമ്പൽ കൊള്ളുകയാണ്. ഇങ്ങനെയുള്ളവർ യൗസേപ്പിനെ മാതൃകയാക്കേണ്ടതാണ്. ദൈവീക ചിന്തയും ദൈവവുമായുള്ള പ്രാർത്ഥനാപരവുമായ ബന്ധവുമാണ് പിതാവിനെ ശാന്തശീലനാക്കി മാറ്റിയത്. പ്രാർത്ഥനയിലൂടെ നിരന്തരം ദൈവവുമായി ബന്ധപ്പെട്ടിരുന്നതിന്റെ ഫലമായി ദൈവം പല അവസരണങ്ങ

ളിലും മാലാഖയെ അദ്ദേഹത്തിന് മാർഗദർശിയായ് അയച്ച സംഭവങ്ങൾ വി. ഗ്രന്ഥത്തിലുണ്ട്.

5. ഉപസംഹാരം- വി. യൗസേപ്പിതാവിന്റെ ഭക്തരായ നാമും പ്രാർത്ഥനയെ നമ്മുടെ ഏറ്റവും വലിയ ആയുധമായി തിരഞ്ഞെടുക്കണം. പ്രാർത്ഥനയും ആദ്ധ്യാത്മിക ജീവിതവും ഒരുമിച്ച് പരസ്പരപൂരകമായി പോയാൽ മാത്രമേ ജീവിത വിജയം സാധ്യമാവൂ. ഇത് വി. യൗസേപ്പിതാവിന്റെ ജീവിതത്തിൽ നമുക്ക് തിരിച്ചറിയാം. ആത്മീയജീവിതവും വിശുദ്ധ യൗസേപ്പിതാവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ഇത് നിക്ഷേപിക്കേണ്ട ഭാഗത്ത് നിക്ഷേപിച്ചാൽ മാത്രമേ സ്വർഗീയ സൗഭാഗ്യം അനുഭവിക്കാനായി സാധിക്കൂ. മൗനത്തിന്റെ ഇടനാഴിയിൽ പ്രാർത്ഥനയുടെ തീരത്ത് അധ്വാനത്തിന്റെ മഹത്വത്തിൽ അവനോട് ഒന്നിച്ചായിരിക്കാം.

അവലംബം: പിതൃഹൃദയത്തോടെ (ഫ്രാൻസീസ് പാപ്പ)

## ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ


**സെപ്റ്റംബർ 25 ഞായർ 2.00pm- 3.00 pm**

1. ഉത്തരക്കടലാസിൽ രജിസ്ട്രേഷന് നൽകിയ പേരുതന്നെ എഴുതുക. (പേരിൽ മാറ്റം പാടില്ല)
2. മതബോധന യൂണിറ്റ് (സ്ഥലം) എഴുതുക
3. ഹാൾടിക്കറ്റ് നമ്പറോ, സെന്റർ കോഡോ എഴുതേണ്ടതില്ല.
4. ശരിയുത്തരത്തിന്റെ നമ്പറിനു നേരെയുള്ള വട്ടം മാത്രം കറുപ്പിക്കുക.
5. രണ്ടുവട്ടം കറുപ്പിച്ചാൽ മൈനസ് മാർക്ക് ആയിരിക്കും ലഭിക്കുക.
6. അവസാന മൂന്നു ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരമെഴുതുക.
7. രജിസ്ട്രേഷൻ ഫോമിൽ പരീക്ഷയിൽ പങ്കെടുക്കുന്നവരുടെ പേരിനു നേരെ ടിക് ☑ ചെയ്യുക.
8. ഉത്തരക്കടലാസും രജിസ്ട്രേഷൻ ഫോമും സെപ്റ്റംബർ 30-നകം രൂപത മതബോധന കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്.
9. 30-നകം എത്തിക്കുന്ന ഉത്തരക്കടലാസുകൾ മാത്രമേ മത്സരത്തിന് പരിഗണിക്കൂ.
10. രജിസ്റ്റർ ചെയ്ത മുഴുവൻ പേരെയും പരീക്ഷയിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക.

**ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്,
9633643181

# പാട്ടുവഴിയിലെ മുട്ടേത്താഴത്തച്ചൻ

തോമസ് വില്യം



**വി**ജയപുരത്തിന്റെ സംഗീതകാരന്മാരിൽ അദ്വിതീയനായിരുന്നു അന്തരിച്ച മോൺ. മാത്യു മുട്ടേത്താഴത്ത് എന്ന മുട്ടേത്താഴത്തച്ചൻ. പുതിയ പാട്ടുശീലങ്ങളുള്ള, അത് ഞൊടിയിടെ കാതോരമെത്തുന്ന, വർത്തമാനകാലത്തിന്റെ യുവതയ്ക്ക് പക്ഷേ, ഒരു സോണി ടേപ്പുറിക്കാർഡറുമായി രൂപതയിലങ്ങോളമിങ്ങോളം കടന്നുചെന്ന് പാട്ടുകൾ പറഞ്ഞുകൊടുത്തിരുന്ന മുട്ടേത്താഴത്തച്ചനെ പരിചയമുണ്ടാവില്ല. ഒരു സുവിശേഷ ദൗത്യം പോലെ അച്ചൻ സ്വയമേറ്റെടുത്തൊരു സത്കർമ്മം. സംഗീതത്തിൽ അസാമാന്യ ജ്ഞാനമോ ആലാപനമികവോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ ദൈവദത്തമായി തന്റെ ഉള്ളിലുണ്ടായിരുന്ന സംഗീതാംശത്തെ ഉത്ക്കടമായ അഭിവാഞ്ഛയും പരിശ്രമവും വഴി വളർത്തി വലുതാക്കിയ പ്രതിഭയാണദ്ദേഹം. അത് പരിണിതപ്പെട്ടതോ രൂപതയിൽ ഗായക സംഘങ്ങളായിട്ടും.

അന്ന് രൂപതാ മെത്രാനും, കവിയും, ഗാനരചയിതാവുമായിരുന്ന അഭിവന്ദ്യ കൊർണേലിയസ് ഇലഞ്ഞിക്കൽ പിതാവിന്റെ ആശിർവാദവും പിന്തുണയും അച്ചന് ഊർജ്ജമായി. പിതാവ് രചിച്ച വിമലഗിരി മാതാവിനോടുള്ള നൊവേനയുടെ ഗാനങ്ങൾ പ്രചരിപ്പിച്ചതിൽ അച്ചന് ചെറുതല്ലാത്ത പങ്കുണ്ട്. 'കനിയണേ ഞങ്ങളിൽ നീ നാഥാ' എന്ന ലിറ്റനിയുടെ സംഗീതം അച്ചന്റേതാണ്. കൂടാതെ 'തീർത്ഥം തളിക്കുക താത' എന്ന ഗാനം നിലവിലുള്ളതിനുപുറമേ ഹംസധ്വനി രാഗത്തിൽ വ്യത്യസ്തമായൊരീണത്തിലും അച്ചൻ ചിട്ടപ്പെടുത്തി. രൂപതാ മതബോധന ഡയറക്ടറായിരുന്ന അദ്ദേഹം ബൈബിൾ കലോത്സവവും സംഘടിപ്പിക്കുമായിരുന്നു. അനുബന്ധമായി കൃത്യമായ ഇടവേളകളിൽ ഗായക സംഘങ്ങൾക്ക് രൂപതാ ടിസ്ഥാനത്തിൽ പരിശീലനവും നൽകി വന്നിരുന്നു. ആരാധനാക്രമത്തിലെ ഗാനങ്ങൾ വിശേഷിച്ച് ലത്തീൻ ഭാഷയിലുള്ളതും വിശുദ്ധവാരകർമ്മങ്ങളുടേതും രൂപതയിൽ വലിയൊരു വിഭാഗം ഹൃദിസ്ഥമാക്കിയതിന് കടപ്പെട്ടിരിക്കുന്നത് അച്ചനോടാണ്. ഗ്രിഗോറിയൻ സംഗീതത്തിൽ സാമാന്യ അറിവുണ്ടായിരുന്ന അച്ചന് പാശ്ചാത്യ സംഗീത ചിഹ്നങ്ങൾ നോക്കി അവ ആലപിക്കാൻ കഴിയുമായിരുന്നു. ജോൺപോൾ പാപ്പയുടെയും, മദർതെരേസയുടെയും കോട്ടയം സന്ദർശനം, സി.ബി.സി.ഐ. സമ്മേളനം, അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെ മെത്രാഭിഷേക കർമ്മം എന്നിവയുടെ ഗായക സംഘങ്ങൾക്ക് നേതൃത്വം വഹിച്ചവരിൽ അച്ചനുമുണ്ടായിരുന്നു. സംയുക്ത ക്രിസ്മസ് ആഘോഷപരിപാടികൾ കോട്ടയത്ത്

ആദ്യമായി ആരംഭിക്കുവാൻ മുഖ്യ സംഘാടകരായ ബഹു. ഫാ. പീറ്റർ ഊരാളിൽ, ബഹു. ഫാ. ആന്റണി വാഴപ്പിള്ളി എന്നിവർക്കൊപ്പവും പ്രവർത്തിച്ചു.

അന്നത്തെ പുതുതലമുറ ഉപകരണങ്ങളായിരുന്ന സ്പൂൾ (വലിയ റിബണോടുകൂടിയ ശബ്ദ ലേഖനയന്ത്രം) ടേപ്പുറിക്കാർഡർ, കാമറ, പ്രൊജക്ടർ തുടങ്ങിയവയെല്ലാം അച്ചന്റെ പക്കലുണ്ടായിരുന്നു. അവയുടെ പ്രവർത്തനത്തെപ്പറ്റി അവഗാഹവും. ജപ്പാൻ വംശജരായ ഇവയിൽ ചിലത് ജർമ്മനിയിലുള്ള ഒരു സുഹൃത്ത് തനിക്ക് സമ്മാനിച്ചതാണെന്ന് അദ്ദേഹം ഇടയ്ക്ക് പറയുമായിരുന്നു. രൂപതയുടെ സാമൂഹ്യസമ്പർക്ക മാധ്യമ വിഭാഗത്തിന്റെ ചുമതലക്കാരൻ കൂടിയായിരുന്ന അച്ചൻ സംഗീത പ്രാധാന്യമുള്ള ഇംഗ്ലീഷ് സിനിമ 'സൗണ്ട് ഓഫ് മ്യൂസിക്,' ഒപ്പം മിശിഹാ ചരിത്രം, അധ്യാപിക എന്നിവയും ഇടവകകൾതോറും പ്രദർശിപ്പിച്ചിരുന്നു.

ഈ സംഗീതയാത്രയ്ക്കിടയിൽ അച്ചൻ 1972-ലെ ഒരു ഞായറാഴ്ച ഉച്ചതിരിഞ്ഞ് എന്റെ മാതൃ ഇടവകയായ വേളൂർ പള്ളിയുടെ മുറ്റത്ത് നീലയിൽ വെള്ള വരയുള്ളൊരു ലാംബി സ്കൂട്ടറിൽ വന്നിറങ്ങിയതോർക്കുന്നു. ഫാ. ആന്റണി വാഴപ്പിള്ളിയാണ് അന്ന് ഞങ്ങളുടെ വികാരിയച്ചൻ. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ഗായകസംഘരൂപീകരണമാണ് ആഗമനോദ്ദേശ്യം. ആ ദിവസങ്ങളിലൊന്നിൽ മുട്ടേത്താഴത്തച്ചനാണ് എന്റെ ശബ്ദം ആദ്യമായി ലേഖനം ചെയ്യുന്നത്. അൻപതുവർഷങ്ങൾക്കിപ്പുറവും ആ നിമിഷത്തിന്റെ സന്തോഷം ഒളിമങ്ങാതെ ഓർമ്മയിലുണ്ട്. വിജയപുരത്തിന്റെ വലിയ പാട്ടുകാരനായിരുന്ന അച്ചന് നമ്മുടെ പൂർവ്വ പിതാക്കന്മാരായ അബ്രഹാമിനും ഇസഹാക്കിനും യാക്കോബിനുമൊപ്പം നാകലോകത്ത് മാലാഖമാരുടെ കൂടെ സ്തുതി കീർത്തനങ്ങളാലപിക്കാൻ ഇടയാകട്ടെ.

---

## വൈദിക ദിനാചരണം



*ഫാത്തിമാഗിരി ഇടവക കുന്നന്താനം മതബോധന യൂണിറ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് ഏഴാം തീയതി ഞായറാഴ്ച വൈദിക ദിനമായി ആചരിച്ചു. വിശുദ്ധ കുർബാനയ്ക്ക് ശേഷം ബഹുമാനപ്പെട്ട വികാരിയച്ചന് ആശംസകൾ അർപ്പിക്കുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു.*

# സംഘടനാ വാർത്തകൾ

## കെ.എൽ.സി.എ.

### “വിഴിഞ്ഞത്ത് നടക്കുന്നത് തീരജനതയുടെ അവകാശസമരം” – ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ



*കെ.എൽ.സി.എ. സുവർണ്ണ ജൂബിലിയുടെ ഭാഗമായി പാക്കിൽ സെന്റ് തെരേസാസ് ഓഡിറ്റോറിയത്തിൽ നടന്ന സുവർണ്ണ ശോഭ സമ്മേളനത്തിന്റെ ഉദ്ഘാടനം വിജയപുരം രൂപത ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ നിർവ്വഹിക്കുന്നു*

വിഴിഞ്ഞത്ത് നടക്കുന്നത് തീരജനതയുടെ അവകാശസമരമാണെന്നും അതിനെ വർഗ്ഗീയവത്കരിച്ച് ഭിന്നിപ്പിക്കാമെന്ന് ഭരണാധികാരികൾ വ്യാമോഹിക്കേണ്ടതില്ലെന്നും ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പറഞ്ഞു. വിഴിഞ്ഞം സമരം തീരദേശ ജനതയുടെ അതിജീവനത്തിനു വേണ്ടിയുള്ള സമരമായി കേരളം ഏറ്റെടുത്തിരിക്കുകയാണ്. അതുകൊണ്ടാണ് ധീവരസഭയും മുസ്ലീം സമുദായമുൾപ്പെടെ വിവിധ സമുദായങ്ങൾ ഏറ്റെടുത്തിട്ടുള്ളത്. മുഖ്യമന്ത്രിക്ക് സമരനേതാക്കളോട് സംസാരിക്കാൻ മനസ്സുണ്ടെങ്കിലും പരിഹാരത്തിലേക്കെത്താൻ ചില സങ്കേതിക പ്രശ്നങ്ങൾ അദ്ദേഹത്തെ തടയിടുന്നു എന്നും ബിഷപ്പ് കൂട്ടിച്ചേർത്തു.

സർക്കാർ തീരദേശ ജനതയുടെ പ്രശ്നങ്ങളെ ഗൗരവമായി കാണണമെന്നും ഒന്നിച്ചണിനിരന്നാൽ അത് ഇന്ത്യൻ സൈന്യത്തെക്കാൾ വലിയ ശക്തിയാണെന്ന് സർക്കാർ തിരിച്ചറിയണമെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. യോഗത്തിന് വിജയപുരം രൂപത പ്രസിഡൻറ് ജോസഫ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. മുൻ കാല സംസ്ഥാന നേതാക്കളെ മുൻ അഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പൊന്നാടയണിയിക്കുകയും പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

# മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനാഘോഷം



മുണ്ടക്കയം : പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ചു പരിശുദ്ധ കന്യകാമറിയത്തിന്റെ മാതാപിതാക്കന്മാരായ വി.അന്നയുടെയും, വി. യോവാക്കിന്റെയും തിരുനാളിനോടനുബന്ധിച്ച് മുണ്ടക്കയം സെന്റ് മേരീസ് ഇടവകയിൽ വികാരി റവ.ഫാ.ടോം ജോസിന്റെയും, അസി.വികാരി. ഫാ. ജസ്റ്റിന്റെയും നേതൃത്വത്തിൽ ആഗസ്റ്റ് 24 മുത്തശ്ശിമുത്തശ്ശന്മാരുടെ ദിനമായി ആചരിച്ചു. ഇടവകയിലെ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ ഓരോ കുടുംബയൂണിറ്റിലുമുള്ള ഏറ്റവും പ്രായം കൂടിയ വ്യക്തിയെ വീട്ടിൽ ചെന്ന് പൊന്നാടയണിയച്ചും ജപമാല നൽകിയും ആദരിച്ചു.

# ബഫർസോൺ വിഷയത്തിൽ സർക്കാർ നിലപാടിൽ പ്രതിഷേധിച്ചു കെ.സി.വൈ.എം വിജയപുരം രൂപത




ബഫർ സോൺ വിഷയത്തിൽ മുൻ കോടതി വിധികളെല്ലാം നിലനിൽക്കെ നിലവിലെ നിയമം പിൻവലിക്കുകയും സർക്കാർ നിലപാട് വ്യക്തമാക്കാതെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനെതിരെ കെ.സി.വൈ.എം വിജയപുരം രൂപതസമിതിയുടെ നേതൃത്വത്തിൽ

പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു കെ.സി.വൈ.എം വിജയപുരം രൂപത പ്രസിഡന്റ് ജോസ് വർക്കി അദ്ധ്യക്ഷത വഹിച്ചു.മൂന്നാർ ഫോറോനാ വികാരി ഫാ മൈക്കിൾ വലയിഞ്ചിയിൽ ഫ്ളാഗ് ഓഫ് ചെയ്തു കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന പ്രസിഡന്റ് ഷൈജു റോബിൻ,കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന ജന. സെക്രട്ടറി ജിജോ ജോൺ, സ്റ്റെഫി ചാൾസ് രൂപത ജന. സെക്രട്ടറി സുബിൻ.കെ.സണ്ണി, വൈസ് പ്രസിഡന്റുമാരായ മരിയൻ ആന്റണി, ശീതൾ ജോണി സെക്രട്ടറിമാരായ ജോസ് സെബാസ്റ്റ്യൻ, സോനാ മൈക്കിൾ ട്രഷറർ നിർമ്മൽ സ്റ്റാൻലി, സംസ്ഥാന സിൻഡിക്കേറ്റ് അംഗം അജിത് അൽഫോൻസ്, രൂപത ഡയറക്ടർ ഫാ. ജോൺ വിയാന്നി, അസോ. ഡയറക്ടർ ഫാ അഗസ്റ്റിൻ.പി.ആസിർ, ആനിമേറ്റർ സി.റാണി, മൂന്നാർ യൂണിറ്റ് പ്രസിഡന്റ് അനീഷ് ബാബു, ചിന്നക്കനാൽ യൂണിറ്റ് പ്രസിഡന്റ് സലോമി, ദേവികുളം യൂണിറ്റ് അംഗം യേശുമേരി എന്നിവർ സംസാരിച്ചു

## മത്സ്യതൊഴിലാളി സമരത്തിന് ഐക്യദാർഢ്യമർപ്പിച്ചു കെ.സി.വൈ.എം വിജയപുരം രൂപത




*പ്രതിഷേധറാലി വികാർ ജനറാൾ ഫ്ളാഗ് ഓഫ് ചെയ്യുന്നു*

കെ.സി. വൈ. എം വിജയപുരം രൂപതയുടെ നേതൃത്വത്തിൽ തീരദേശ സമരത്തിനു ഐക്യദാർഢ്യമർപ്പിച്ചു വള്ളം കയ്യിലേന്തി നഗരമധ്യത്തിലൂടെ നടന്ന പ്രതിഷേധറാലി വിജയപുരം രൂപത വികാരി ജനറൽ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ഫ്ളാഗ്ഗ് ഓഫ് ചെയ്തു. കെ.സി.വൈ.എം വിജയപുരം രൂപത പ്രസിഡന്റ് ജോസ് വർക്കി അദ്ധ്യക്ഷത വഹിച്ചു മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ,വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരി, കെ.സി.വൈ.എം രൂപത ഡയറക്ടർ ഫാ. ജോൺ വിയാന്നി, രൂപത ജന.സെക്രട്ടറി സുബിൻ.കെ.സണ്ണി, സെക്രട്ടറി ജോസ് സെബാസ്റ്റ്യൻ, ട്രഷറർ നിർമ്മൽ സ്റ്റാൻലി, സതീഷ് യേശു, മേഖല ഡയറക്ടർ ഫാ. സിൽവസ്റ്റർ മാധവശ്ശേരി,മേഖല സെക്രട്ടറി ബിജിൻ പി. ബി, മുൻ രൂപത ട്രഷറർ ആശിഷ് വർഗ്ഗീസ്,മോൺ. ജോസ് നവാസ്, ഫാ. വർഗീസ് കോട്ടയ്ക്കാട്ട് എന്നിവർ സംസാരിച്ചു.



സെന്റ് ആന്റണീസ് അർക്കേഡ് ആശിർവ്വാദം



സ്വാതന്ത്ര്യദിനത്തിലെ ദേശീയ പതാക ഉയർത്തൽ



സ്ഥൈര്യലേപനകർമ്മം– തെള്ളകം




വൈദികദിനം– അമയന്നൂർ അൾത്താര ബാലന്മാർ വല്യച്ചന്മാരോടൊപ്പം

# അഭിനന്ദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ബോട്ടണിയിൽ പി.എച്ച്.ഡി. നേടിയ
**സെബാസ്റ്റ്യൻ ആന്റണി കൊട്ടക്കാട്**
(സെന്റ് ജോസഫ് ചർച്ച് പൂവം )



എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ എ+ കരസ്ഥമാക്കിയ
**ജെസ്നാ ജോസ്**
(പട്ടിത്താനം )



പൂവം സെന്റ് ജോസഫ്സ് സൺഡേ സ്കൂളിലെ വൈദികദിനാഘോഷത്തിൽ വികാരി ഫാ. തോമസ് തൈപ്പറമ്പിലിന്റെ ഫോട്ടോ വരച്ച് കുട്ടികൾ പ്രദർശിപ്പിച്ചപ്പോൾ



കുണ്ടള മണിമാളിക ആശീർവ്വാദം



കുണ്ടള ദൈവാലയ സുവർണ്ണ ജൂബിലി ആഘോഷം






വള്ളവുമേന്തി റാലിയിൽ യുവജനങ്ങൾ

---

# വ്യക്തിത്വ വികസനം ഭാവിയുടെ നന്മയ്ക്കായി



കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി വ്യക്തിത്വ വികസനത്തിനും ഭാവിയുടെ നന്മയ്ക്കായി എന്ന വിഷയം ആസ്പദമാക്കി ഒരു ഏകദിന സെമിനാർ നടത്തി. ക്ലാസ് നയിച്ചത് തടവറ പ്രേഷിതത്വത്തിനു നേതൃത്വം നല്കി കൊണ്ടിരുന്ന ക്ലരീഷ്യൻ സഭാംഗമായ റവ.ഫാ. അലക്സാണ്ടർ കുരീകാട്ടിൽ അച്ചനായിരുന്നു. കുട്ടികൾക്ക് എന്നെന്നും ഓർക്കാനും അവരുടെ മുന്നോട്ടുള്ള ഭാവിക്കും, വ്യക്തിത്വ വകസനത്തിനും വളരെ ഉപകാരപ്പെടുന്ന രീതിയിലായിരുന്നു ബഹുമാനപ്പെട്ട അച്ചൻ അറിവുകൾ പകർന്നു നല്കിയതും അനുഭവങ്ങൾ പങ്കുവച്ചതും.

# വി.എസ്.എസ്.എസ്. വാർത്തകൾ

## പതാകയുയർത്തൽ



*ഹർഘർ തിരംഗയുടെ ഭാഗമായി അമലനിലയത്തിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ദേശീയ പതാകയുയർത്തുന്നു.*

സ്വതന്ത്രഭാരതത്തിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കേന്ദ്ര ഓഫീസ് കാര്യാലയമായ അമലനിലയത്തിൽ ഓഗസ്റ്റ് 13-ന് രാവിലെ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ പതാകയുയർത്തി. എല്ലാവരും സഹോദരി സഹോദരന്മാരായി സ്വാതന്ത്ര്യത്തോടെ ജീവിക്കുവാനും നില നിൽക്കുവാനുമുള്ള അവകാശം ഭരണഘടന നമുക്ക് ഉറപ്പു നൽകുന്നുണ്ട്. വിശ്വപൗരന്മാർ എന്ന ചിന്തയാണ് ടാഗോറിനും, മഹാത്മാഗാന്ധിക്കുമുണ്ടായിരുന്നത്. എന്നാൽ ഇന്ന് ദേശീയത എന്ന പൊതുവികാരത്തെ സങ്കുചിതമായ താല്പര്യത്തിനായി വിനിയോഗിക്കുന്നത് വളർന്നുവരികയാണ്. തീർച്ചയായും ഇത് ചെറുക്കപ്പെടേണ്ടതാണ്, അദ്ദേഹം പറഞ്ഞു. ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ മാത്യു ജോസഫ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിലും സന്നിഹിതനായിരുന്നു.




*സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ*
*ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു.*

## സ്വാതന്ത്ര്യദിനാഘോഷം

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ബാലവേദിയംഗങ്ങൾക്കായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കോട്ടയം ചൈൽഡ് ലൈനും സംയുക്തമായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സംഗീതമോ നൃത്തമോ പ്രസംഗമോ എന്തുമാവട്ടെ സമ്മാനാർഹരെ കണ്ടെത്തുക എന്നതിനേക്കാൾ ഭയമില്ലാതെ അവ വേദികളിൽ അവതരിപ്പിക്കാൻ പ്രാപ്തരാക്കുകയെന്നതാണ് ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കുകവഴി ലക്ഷ്യമിടുന്നതെന്ന് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്ത വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ പറഞ്ഞു. അസി.. ഡയറക്ടർ ഫാ. ലിനോസ് ബിവേര ചുള്ളിക്കപ്പറമ്പിൽ സ്വാഗതമാശംസിച്ചു.

ക്വിസ്സ് മത്സരത്തിൽ വേളൂരിൽ നിന്നുള്ള ഫാബിയോ, ബോബി അലോണ എന്നിവർ ഒന്നാംസ്ഥാനവും കെസിയാ ബെന്നി, ഒലീവിയ ജോബി (പൊതി) എന്നിവർ രണ്ടാംസ്ഥാനവും നേടി. പ്രസംഗമത്സരത്തിൽ വെട്ടിമുകളിൽ നിന്നുള്ള നോറമറിയം ബിനിഷ് ഒന്നാംസ്ഥാനവും വടവാതൂരിൽ നിന്നുള്ള സാറാ ജിയോമോൻ രണ്ടാംസ്ഥാനവും നേടി. ആണ്ടൂരിൽ നിന്ന് നെഹറിൻ ബിജുവും സംഘവും ഒന്നാംസ്ഥാനവും വേളൂർ ജോഷ്ല മറിയം കെ. എസ്സംഘവും രണ്ടാംസ്ഥാനവും നേടി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

വിവിധ മത്സരങ്ങളിൽ നിന്ന്












*എൽഡേഴ്സ് ഫോറം സംഗമം*
*മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ ഉദ്ഘാടനം ചെയ്യുന്നു*

മുതിർന്ന പൗരന്മാരുടെ മാനസിക, ശാരീരിക, സാമൂഹ്യ ആരോഗ്യം ലക്ഷ്യംവച്ച് വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എൽഡേഴ്സ് ഫോറത്തിന്റെ അംഗങ്ങളുടെ സംഗമം വിമലഗിരി പാസ്റ്ററൽ സെന്ററിൽ രൂപതാ എപ്പിസ്ക്കോപ്പൽ വികാർ മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ ഉദ്ഘാടനം ചെയ്തു. സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അദ്ധ്യക്ഷനായിരുന്നു. ഫാ. ജോൺ വിയാനി ക്ലാസ് നയിച്ചു.



*പാണ്ടനാട് പഞ്ചായത്തിലെ മികച്ച വനിതാ കർഷകയായി തെരഞ്ഞെടുക്കപ്പെട്ട സിന്ധു സുരേഷ്, സ്നേഹ സ്വയം സഹായ സംഘം സെക്രട്ടറിയാണ്.*




*പനച്ചിക്കാട് പഞ്ചായത്തിലെ മികച്ച യുവകർഷകനുള്ള അവാർഡ് കർഷകദിനത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എയിൽ നിന്നും കോട്ടയം ചൈൽഡ് ലൈൻ ടീം മെമ്പർ കൂടിയായ വിജയ് ജോൺ ഏറ്റുവാങ്ങുന്നു.*

# അഭിവന്ദ്യ പിതാവിന്റെ
## സെപ്റ്റംബർ മാസ പരിപാടികൾ

| | | |
|---|---|---|
| 03 | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| 04 | - | വിൻസെന്റ് ഡി പോൾ വാർഷിക സമ്മേളനം, വിമലഗിരി പാസ്റ്ററൽ സെന്റർ |
| 05 | - | പീറ്റർ പിതാവിന്റെ അനുസ്മരണം, ദിവ്യബലി,വിമലഗിരി കത്തീഡ്രൽ |
| 06 | - | ദിവ്യബലി, സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രം, കോട്ടയം |
| 08 | - | ദിവ്യബലി, പട്ടുമലമാതാവിന്റെ തീർത്ഥാടന കേന്ദ്രം. |
| 09 വെള്ളി | - | PPD |
| 10 | - | ഇടയസന്ദർശനവും, സ്ഥൈര്യലേപനവും സെന്റ് ജോസഫ് ദൈവാലയം, കട്ടപ്പന |
| 11 | - | സുവർണ്ണജൂബിലി സമാപനദിവ്യബലി, സെന്റ് ജോസഫ് ദൈവാലയം അരണക്കൽ |
| 20 മുതൽ 23 വരെ | - | Ongoing Formation for Priests, വിമലഗിരി പാസ്റ്ററൽ സെന്റർ |
| 24 -25 | - | ഇടയസന്ദർശനവും, സ്ഥൈര്യലേപനവും സെന്റ് തെരേസാസ് ദൈവാലയം, പാക്കിൽ |



*തോപ്രാംകുടി കർമ്മേലൂസ് സെമിനാരിയിൽ ഈ വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികൾ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനൊപ്പം: ബ്ര. ആരോൺ ദേവികുളം, ബ്ര. അലക്സ് മൂന്നാർ, ബ്ര.ആകാശ് പൊടിമറ്റം, ബ്ര. സന്ദീപ് പൊടിമറ്റം.*

# ആദരാഞ്ജലികൾ



റവ. ഫാ. മാത്യു
കല്ലാനിരപ്പേൽ (88)



റവ. സി. സൂസൻ FMC (75)
തിരുവഞ്ചൂർ



റവ. സി. റോബർട്ട SCS (91)
വെട്ടിമുകൾ



ഷെറിൽ എഡ്‌വിൻ
ഓടത്തെക്കൽ

SEPTEMBER 2022
Vol. 15 • Issue 9
*Published on*
1th September 2022

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180